മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 2 No. 8 | THE ONLINE OFFICIAL NEWS BULLETTIN | 2019 February 23

ദനഹാകാലം | SEASON OF EPIPHANY | محه حا ووسا

ܚܕ ܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܝܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
♪8 24 7th Sunday after Epiphany hadbšabo d anidé Sunday of all Departed Comme. of Apostle St. Mathew the Evangelist	♪4 25	♪8 26	♪4 27	♪8 28	♪4 1 Comm. of Mar Anthrayos Bava (St. Marys Church, Kallada)	♪8 2 32nd Memorial of Konattu Abraham Malpan (Pambakuda)

ചർച്ച് ആക്ട്-ക്രിസ്തീയ വിഭാഗങ്ങളുടെ സ്വാതന്ത്ര്യത്തിന്മേലുള്ള അനർഹമായ കടന്നുകയറ്റം: പ. സുന്നഹദോസ്

കോട്ടയം: ദേവലോകം അരമനയിൽ നടന്നു വന്ന മലങ്കര ഓർത്തഡോക്സ് സഭയുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സമാപിച്ചു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ആദ്ധ്യക്ഷം വഹിച്ചു. ഡോ. തോമസ് മാർ അത്താനാസ്യോസ്, യൂഹാനോൻ മാർ മിലീത്തോസ്, സഖറിയാ മാർ അന്തോണിയോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ് എന്നിവർ ധ്യാനം നയിച്ചു. ചെങ്ങന്നൂർ മെത്രാസനാധിപനായിരുന്ന തോമസ് മാർ അത്താനാസ്യോസ്, സഭയുടെ പി. ആർ ഒ. പ്രൊഫ. പി. സി. ഏലിയാസ് എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചിച്ചു. കാശ്മീരിലെ പുൽവാമയിൽ രാജ്യത്തിനുവേണ്ടി വീരമൃത്യുവരിച്ച ജവാൻമാരെ അനുസ്മരിക്കുകയും ഇന്ത്യ എന്ന മഹത്തായ ജനാധിപത്യ രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും സുസ്ഥിരമായ ഭാവിക്കും അവരുടെ ജീവ ത്യാഗം സഹായകമായി ഭവിക്കട്ടെ എന്ന് വിലയിരുത്തിക്കൊണ്ട് അവരുടെ വീരസ്മരണയിൽ ആദരാഞ്ജലി അർപ്പിക്കുകയും ചെയ്തു. ചർച്ച് ആക്ട് സംബന്ധിച്ച് ഇതിനോടകം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള കരടിലെ നിർദ്ദേശങ്ങൾ കൃത്യമായ ഭരണഘടനപ്രകാരം സുതാര്യമായ സാമ്പത്തിക വിനിയോഗത്തോടും ഭരണഘടന വിഭാവന ചെയ്യുന്ന രാജ്യനിയമങ്ങളുടെ പിൻബലത്തോടും കൂടി പ്രവർത്തിക്കുന്ന ക്രിസ്തീയ വിഭാഗങ്ങളുടെ സ്വാതന്ത്ര്യത്തിന്മേലുള്ള അനർഹമായ കടന്നുകയറ്റമായതിനാൽ അനുകൂലിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. ഓർത്തഡോക്സ് സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തി തുടർ പ്രവർത്തനങ്ങളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിച്ചു. സഭയിലെ ബി-ഷെഡ്യൂളിൽപ്പെട്ട സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ബജറ്റ് അംഗീകരിച്ചു. കോട്ടയം വൈദിക സെമിനാരി പ്രിൻസിപ്പാളായി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടിനെയും നാഗ്പൂർ സെന്റ് തോമസ് വൈദിക സെമിനാരി പ്രിൻസിപ്പാളായി ഫാ. ഡോ. ജോസി ജേക്കബിനെയും നിശ്ചയിച്ചു. ബസ്ക്യോമോ അസോസിയേഷൻ പ്രസിഡണ്ടായി ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ നിയമിച്ചു. പരുമല സെന്റ് ഗ്രീഗോറിയോസ് മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, ഓർത്തഡോക്സ് വൈദിക സെമിനാരി, നാഗ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് വൈദിക സെമിനാരി, എക്യുമെനിക്കൽ റിലേഷൻസ് എന്നിവയുടെ റിപ്പോർട്ടുകൾ ചർച്ച ചെയ്ത് അംഗീകരിച്ചു. മലങ്കര സഭയിലെ ശാശ്വത സമാധാനത്തിനായി ബഹുമാനപ്പെട്ട നീതിന്യായ കോടതികളുടെ വിധികളിലൂടെ ലഭ്യമായിരിക്കുന്ന മാർഗ്ഗരേഖ പിന്തുടരുവാൻ തീരുമാനിച്ചു. ഭിലായ് സെന്റ് തോമസ് ആശ്രമം, സെന്റ് തോമസ് കോൺവെന്റ്, കുപ്പാടി ഗത്സിമോൻ കോൺവെന്റ് എന്നിവയുടെ നിയമാവലി അംഗീകരിച്ചു. സഭയിലെ വൈദിക സ്ഥാനികളുടെയും സഭാ സേവനം നടത്തുന്ന അത്മായ പ്രവർത്തകരുടെയും പെരുമാറ്റം സംബന്ധിച്ച മാർഗ്ഗ രേഖ അംഗീകരിച്ചു. സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ റിപ്പോർട്ട് അവതരിപ്പിച്ചു.



കോട്ടയം സെമിനാരി പ്രിസിപ്പൽ ആയി പ. സുന്നഹദോസ് നിയമിച്ച ഫാ. ഡോ ജോൺസ് എബ്രഹാം കോനാട്ട്. മുൻ വൈദികട്രസ്റ്റിയാണ്. ഇപ്പോൾ സഭാ വക്താവായും പി.ആർ.ഒ. ആയും സെമിനാരി അദ്ധ്യാപകനായും പ്രവർത്തിക്കുന്നു.

നാഗ്പൂർ സെന്റ്. തോമസ് ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പൽ ആയി പ. സുന്നഹദോസ് നിയമിച്ച ഫാ. ഡോ. ജോസി ജേക്കബ്. ഇപ്പോൾ എത്യോപ്യയിലെ ആഡിസ് അബാബാ തിയോളജിക്കൽ സെമിനാരി അദ്ധ്യാപകനാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

"എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്; അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു."

ഡോ. ഗീവർഗീസ് മാർ യൂലിയോസ്

സകല വാങ്ങിപ്പോയവരുടെയും ഓർമ്മ ആഘോഷിച്ച് നാമും അവരും ചേർന്ന് സ്രഷ്ടാവിനെ മഹത്വപ്പെടുത്തുകയും രക്ഷാകരമായ വി. വലിയ നോമ്പിലേക്ക് പ്രവേശിക്കുവാൻ ഒരുങ്ങുകയും ചെയ്യുന്ന സമയമാണല്ലോ. "ദൈവമായ കർത്താവേ! സത്യവിശ്വാസത്തിൽ ഞങ്ങളിൽ നിന്നും വാങ്ങിപ്പോയിരിക്കുന്ന സകല മരിച്ചുപോയവരെയും നീ ആശ്വസിപ്പിച്ച് പുണ്യപ്പെടുത്തേണമെ. ഞങ്ങളും അവരും ചെയ്തുപോയ പിഴകളെ നീ ക്ഷമിക്കണമെ" എന്ന പ്രാർത്ഥനയോടെ അവരുടെ മദ്ധ്യസ്ഥതയിലും സംസർഗ്ഗത്തിലും നാം എപ്പോഴും ചേർന്നുനിൽക്കുന്നു.

വാങ്ങിപ്പോയവരെക്കുറിച്ചുള്ള മനോഹരങ്ങളായ വേദവായന ഭാഗങ്ങളാണ് ഈ ആഴ്ചയിൽ ക്രമീകരിച്ചിരിക്കുന്നത് എന്ന് എടുത്തുപറയേണ്ടതില്ലല്ലോ. ആദ്യ പഴമവായന തന്നെ ഇതിന് ഉത്തമ ഉദാഹരണമാണ്: തന്റെ സ്നേഹിതനായ വിശ്വസ്തനായ മോശ മുഖാന്തരം യഹോവയായ ദൈവം തന്റെ ജനതയെ മിസ്രയേമിൽ നിന്നും തിരികെ വിളിച്ച് വാഗ്ദത്ത ഭൂമിയായ ഇസ്രായേലിലേക്ക് നയിക്കുന്നു. യോർദ്ദാൻ നദി കടന്നാൽ ദൗത്യ പൂർത്തീകരണമാവുമെന്നിരിക്കെ അതിനു തൊട്ടുമുമ്പ് നെബോ പർവ്വത ശിബിരത്തിൽ നിർത്തി മോശയെ കനാൻദേശം കാണിച്ച ശേഷം തന്റെ ശിഷ്യനായ ജോഷ്വായുടെ നേതൃത്വത്തിൽ ദൈവജനം അവിടെ പ്രവേശിക്കുമെന്നും എന്നാൽ നിന്റെ ദൗത്യം ഇവിടെ അവസാനിക്കുന്നുവെന്നും കല്പിക്കുന്നു. താൻ ഒരിക്കലും കണ്ടിട്ടില്ലാത്ത എന്നാൽ ഒരു ജനതയെ അവരുടെ കഷ്ടതകളിൽ നിന്നും നൂറ്റാണ്ടുകളുടെ പ്രവാസ ജീവിതത്തിൽ നിന്നും വിടുവിച്ച് അവരുടെ പിതാക്കന്മാരുടെ നാട്ടിൽ തിരികെയെത്തിക്കുവാൻ നൂറ്റിഇരുപതു വത്സരം നീണ്ട തന്റെ ആയുസ്സ് മുഴുവൻ പരിശ്രമിച്ച മോശയെ അതിനു തൊട്ടുമുമ്പ് തന്നിലേക്ക് ചേർക്കുകയും താൻ തന്നെ അവനെ സംസ്കരിക്കുകയും ചെയ്യുന്നു. മോശ ചേർക്കപ്പെട്ടത് നിത്യതയിലേക്കാണ്. മുപ്പതു ദിവസത്തെ വിലാപത്തിനുശേഷം വർദ്ധിതവീര്യത്തോടെ മോശയുടെ ആത്മാവിനെ പ്രാപിച്ച ജോഷ്വാ ജനത്തെ ദൈവശക്തിയാൽ മുന്നോട്ടു നയിക്കുന്നു! (ആവർത്തനം 34). പാരമ്പര്യത്തിന്റെയും പിൻതുടർച്ചയുടെയും ദൈവത്വത്തിൽ സമാധിയായി വിലയം പ്രാപിക്കുന്നതിന്റെയും ഏറെ മനോഹരമായ ഒരു ആത്മവിവരണമാണ് ഇവിടെ പ. സഭ കാണുന്നത്. മോശ തന്നെയാണ് നൂന്റെ മകനായ ജോഷ്വായിൽ പുനർജനി പ്രാപിക്കുന്നത്. ഓരോ സംസ്കരണവും പുതുമയിലേക്കുള്ള ഉയിർപ്പുകളാണ്. ആദം മുതൽ ഇന്നയോളമുള്ള എന്റെ പൈതൃകമാണ് മുന്നോട്ടുള്ള എന്റെ പ്രേരണയും ചാലകശക്തിയുമെന്ന് ഓരോ വിശ്വാസിയും ഓർക്കണം.

ദൗത്യപൂർത്തീകരണത്തിനുശേഷം ജോഷ്വായും കാലഗതി പ്രാപിക്കുന്ന ചിത്രമാണ് അടുത്ത വായനാഭാഗം! 110 വയസ്സുള്ളവനായി അവൻ ദൈവസന്നിധിയിൽ നിർവൃതി പൂണ്ട് തന്റെ ജനത്തോട് ചേരുന്നു; അവന്റെ അവകാശ ഭൂമിയിൽ അടക്കം ചെയ്യപ്പെടുന്നു. യാത്രയിൽ അവരോടൊപ്പം ഉണ്ടായിരുന്ന ഏറ്റവും വലിയ നിക്ഷേപം തങ്ങളുടെ പൂർവ്വീകനായ ജോസഫിന്റെ അസ്ഥികളായിരുന്നു. അവ ബഹുമാനപൂർവ്വം പിതൃഭൂമിയിൽ സംസ്കരിച്ചുവെന്നും അഹരോന്റെ മകൻ എലെയാസറും മരിച്ച് ജനതയോട് ചേർന്നുവെന്നും ഇവിടെ വായിക്കുന്നു. പിൻതുടർച്ചയുടെയും നിത്യയുടെ സുന്ദരമായ മറ്റൊരു ഭാഗമാണ് ഇവിടെയും നാം കാണുന്നത് (ജോഷ്വാ 24:29-33).

മനുഷ്യജീവിതം ക്ഷണികമാണ്. അർത്ഥമില്ലാത്ത ജീവിതം നിരർത്ഥകമായി തീരുന്നു. എന്നാൽ നന്മയിൽ ജീവിക്കുന്നവൻ അനശ്വരത പ്രാപിക്കുന്നുവെന്നും യഹോവ അവനെ രക്ഷിക്കുമെന്ന് വിശ്വസിച്ച് അവൻ ഒരുങ്ങിയിരിക്കുന്നുവെന്നും യെശയ്യാ പ്രവാചകനും (38:10-20) ഓർമ്മിപ്പിക്കുന്നു.

ശ്രീ ശങ്കരാചാര്യരുടെ നാമത്തിൽ അറിയപ്പെടുന്ന 'ഭജഗോവിന്ദം' എന്ന തത്വചിന്താപരമായ പ്രാർത്ഥനാഗീതത്തിൽ ജനന-മരണ പ്രക്രിയയിലൂടെ തലമുറയുടെ തുടർച്ചയും അതിദുഷ്കരമായ സംസാര സാഗരത്തിൽ നിന്നും ആന്ത്യന്തികമായി രക്ഷപ്രാപിച്ച് മോക്ഷപ്രാപ്തിയിലെത്തുന്ന പ്രക്രിയയിൽ മാതൃഗർഭത്തിനും പൈതൃകത്തിനുമൊക്കെയുള്ള സ്ഥാനം വർണ്ണിക്കുന്നതും സാന്ദർഭികമായി ഓർക്കുന്നു. മൂഢനായ മനുഷ്യാ! നിന്റെ അഹന്തയും അഹങ്കാരവും അജ്ഞതയും ഉപേക്ഷിച്ച് നീ രക്ഷകനായ ദൈവത്തെ വിളിച്ച് പ്രാർത്ഥിക്കുക എന്ന് പഠിപ്പിക്കുന്നു.

പൊതുലേഖനത്തിൽ യാക്കോബ് ശ്ലീഹാ നൽകുന്ന സന്ദേശവും ശ്രദ്ധേയമാണ്. ദൈവം നിഗളികളെ എതിർക്കുകയും താഴ്മയുള്ളവർക്ക് കൃപ നൽകുകയും ചെയ്യുന്നുവെന്നും ആകയാൽ അവന് കീഴടങ്ങുവീൻ. അവന്റെ സന്നിധിയിൽ താഴുവീൻ; അവൻ നിന്നെ ഉയർത്തും. ഒപ്പം നന്മ ചെയ്യുവാനറിഞ്ഞിട്ടും അഥവാ അവസരങ്ങൾ ഉണ്ടായിട്ടും ആയത് ചെയ്യാത്തവൻ പാപം ചെയ്യുന്നുവെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു (യാക്കോബ് 4:6-5:6).

കൊരിന്ത്യർക്കുള്ള ഒന്നാം ലേഖനത്തിലൂടെ പ. പൗലൂസ് ശ്ലീഹാ വാങ്ങിപ്പോയവരെ കുറിച്ചുള്ള പ്രൗഢമായ പ്രസംഗമാണ് നൽകുന്നത്. വിശ്വാസത്തിൽ വാങ്ങിപ്പോകുന്നവർക്ക് ക്രിസ്തുവിൽ നിത്യമായ ഉയിർപ്പുണ്ട് എന്നതാണ് അദ്ദേഹത്തിന്റെ മുഖ്യസന്ദേശം. ആദമിൽ എല്ലാവരും ജീവിക്കുന്നു; ഒടുക്കത്തെ ശത്രുവായിട്ട് മരണം നീങ്ങി പോകുമെന്നും അങ്ങനെ സകലവും അവന് കാൽകീഴാകുമെന്നും ഉപന്യസിക്കുന്നു.

ക്രിസ്തുവിനായി ഉണർന്നിരിക്കുവാനുള്ള ആഹ്വാനമാണ് സുവിശേഷ ഭാഗങ്ങൾ ഈ ദിവസത്തിൽ നൽകുന്നത്. "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ, വരുവീൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കികൊൾവീൻ" എന്ന ശബ്ദം അവൻ കേൾക്കുവാൻ ഇടയാകട്ടെ എന്ന ആശംസയും കർത്താവ് തന്നെ നൽകുന്നുണ്ട്. സമൂഹത്തിൽ ദരിദ്രനും പ്രതിസന്ധികളിൽ അകപ്പെട്ടവനുമൊക്കെയായി കാണുന്നവനിലാണ് ക്രിസ്തുവിനെ കണ്ടെത്തേണ്ടതെന്നും ആയതിന് സാധിക്കാത്തവനെ "ശപിക്കപ്പെട്ടവനെ, എന്നെ വിട്ടു പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവീൻ" എന്ന് പറഞ്ഞ് അവൻ തള്ളികളയുമെന്നും കാണുന്നു.

വി. യോഹന്നാൻ ശ്ലീഹായുടെ വേദശാസ്ത്രത്തിൽ ക്രിസ്തുവിൽ വാങ്ങിപ്പോകുന്നവൻ മരണത്തെ വിട്ട് ജീവനിലേക്ക് കടന്നിരിക്കുന്നു; അവൻ ന്യായവിധിയിൽ അകപ്പെടുന്നില്ല എന്ന് പ്രത്യേകം പറയുന്നു.

ക്രിസ്തുവിൽ പുനർ ജനിച്ചവൻ ആത്മാവിൽ മരിക്കുന്നില്ല എന്ന് മാത്രവുമല്ല, അവനെ ന്യായവിധിയിൽ അകപ്പെടാതെ നിത്യജീവനിലേയ്ക്ക് ക്ഷണിക്കുവാൻ തനിക്ക് അവകാശമുണ്ടെന്ന് വി. യോഹന്നാനിലൂടെ പ. സഭ മനസ്സിലാക്കുന്നു. "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുമെന്നും, അവൻ ഒരുനാളും മരിക്കുന്നില്ല എന്നും അവൻ മരിച്ചാലും ജീവിക്കുമെന്നും" വി. യോഹന്നാനിൽ നിന്നും കർത്താവിന്റെ വചസ്സുകളായി നാം കേൾക്കുന്നു.

"ചെറിയ ആട്ടിൻകൂട്ടമേ, ഭയപ്പെടരുത്, നിങ്ങളുടെ പിതാവ് രാജ്യം നിങ്ങൾക്കു നൽകുവാൻ പ്രസാദിച്ചിരിക്കുന്നു എന്നും നിങ്ങൾക്കുള്ളതു വിറ്റ് ഭിക്ഷ കൊടുപ്പിൻ; കള്ളൻ അടുക്കയോ പുഴു കെടുക്കയോ ചെയ്യാത്ത സ്വർഗ്ഗത്തിൽ പഴകിപ്പോകാത്ത മടിശ്ശീലകളും തീർന്നുപോകാത്ത നിക്ഷേപവും നിങ്ങൾക്കു ഉണ്ടാക്കികൊള്ളുവിൻ" എന്നും "നിങ്ങളുടെ നിക്ഷേപം ഉള്ളടത്തു നിങ്ങളുടെ ഹൃദയവും ഇരിക്കും എന്ന് പ്രബോധിപ്പിച്ച ശേഷം മനുഷ്യപുത്രന്റെ വരവിനായി നിങ്ങൾ ഒരുങ്ങിയിരിപ്പിൻ" എന്നും നമ്മുടെ കർത്താവ് ആഹ്വാനം ചെയ്യുന്നതോടെയാണ് വി. കുർബാനയുടെ ഏവൻഗേലിയോൻ (ലൂക്കോസ് 12.32-49) അവസാനിക്കുന്നത്.

"ഞങ്ങളുടെ ജീവന്റെ ശരണവും ആത്മാക്കളുടെ രക്ഷകനുമായ മശിഹാ തമ്പുരാനെ! സത്യവിശ്വാസത്തോടെ മുമ്പുകൂട്ടി യാത്ര പുറപ്പെട്ട് നിന്റെ അടുക്കൽ വന്നുചേർന്ന ഞങ്ങളുടെ മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും ഗുരുക്കന്മാരുടെയും വിശ്വാസികളായ സകല വാങ്ങിപ്പോയവരുടെയും ആത്മാക്കൾക്കായി നിന്റെ പ്രകാശവും കൃപാകാന്തിയും ഉദിപ്പിക്കണമേ" എന്നാണ് പ്രാരംഭ പ്രാർത്ഥന.

പ. സഭയുടെ നിഖ്യാ-കുസ്തന്തീനോസ്പോലീസ് വിശ്വാസ പ്രഖ്യാപനത്തിലെ അവസാന വാചകം ഇവിടെ പ്രത്യേകം സ്മരിക്കണം. "മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപാർക്കുന്നു." മരിച്ചുപോയവരുടെ ഉയിർപ്പും, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനും പൗരസ്ത്യസഭയുടെ അടിസ്ഥാന പ്രമാണങ്ങളാണ്. ഈ തത്വങ്ങളെ ധ്യാനിക്കുന്ന പ്രാർത്ഥനാഭാഗങ്ങളാണ് ഈ ദിവസത്തെ പ്രാർത്ഥനകളിൽ നിറഞ്ഞു നിൽക്കുന്നത്. വാങ്ങിപ്പോയവരുടെ ആത്മാക്കളെ നിന്റെ കരുണയാൽ കൈക്കൊള്ളണമേ; സ്വർഗ്ഗീയ ഭവനങ്ങളിൽ അവരെ പാർപ്പിക്കണമേ, നിന്റെ മുഖകാന്തി അവരിൽ പ്രകാശിപ്പിക്കണമേ" എന്നുമൊക്കെ സഭ പ്രത്യാശയോടെ പ്രാർത്ഥിക്കുന്നു.

"കർത്താവേ! നിന്നെ ഉൾക്കൊണ്ട് കാതോലികവും ശ്ലൈഹികവുമായ നിന്റെ പ. സഭയുടെ നായകന്മാരായി പ്രസിദ്ധരായ നിന്റെ ആചാര്യ ശ്രേഷ്ഠരുടെ പ്രാർത്ഥനകളെ കേൾക്കണമേ. അവരുടെ പ്രാർത്ഥനകളാലും അപേക്ഷകളാലും നിന്റെ പ്രത്യാശയിൽ ഈ ആയുസ്സിനെ വെടിഞ്ഞ് സത്യവിശ്വാസത്തിൽ മുമ്പുകൂട്ടി നിദ്ര പ്രാപിച്ച എല്ലാവരെയും നിന്റെ കൃപയാൽ ഓർക്കണമേ. അവരുടെ ആത്മാക്കളെ ആശ്വസിപ്പിച്ച് അവരുടെ കുറ്റങ്ങളെ പരിഹരിച്ച് അവരുടെ നാമങ്ങളെ ജീവന്റെ പുസ്തകത്തിൽ എഴുതണമേ" എന്ന് നമുക്കും പ്രാർത്ഥിക്കാം.

സഭാപിതാക്കന്മാർ

പ. വട്ടശ്ശേരിൽ തിരുമേനിയുടെ അന്ത്യ സന്ദേശവും വിൽപത്രവും

അന്ത്യ സന്ദേശം

മലങ്കരയുടെ
മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സംസ്ഥാപിതമായ മലങ്കരസഭയിലെ
എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും
ശേഷം ജനങ്ങളുമായി നമ്മുടെ പ്രിയ മക്കളായ
എല്ലാവർക്കും വാഴ്വ്.

നമ്മെ ഭരമേല്പിച്ചിട്ടുള്ള ആത്മീകതൊഴുത്തിലെ കുഞ്ഞാടുകളും നമ്മുടെ പ്രേമഭാജനങ്ങളുമായ പ്രിയ മക്കളെ, അൽപ ദിവസങ്ങളായി നാം രോഗശയ്യയെ അവലംബിച്ചിരിക്കുന്ന വിവരം നിങ്ങൾ എല്ലാവരും അറിഞ്ഞിരിക്കുമെന്നു വിശ്വസിക്കുന്നു. എഴുപത്താറുവയസ്സു പ്രായമുള്ള വയോ വൃദ്ധനും ഏതാനും സംവത്സരക്കാലമായി വർദ്ധമാനങ്ങളായ പലതരം ശരീരാസ്വാസ്ഥ്യങ്ങളാൽ പീഡിതനുമായ നമ്മുടെ ഐഹിക ജീവിതം ഇതിലധികമായി ദീർഘിച്ചു കിട്ടണമെന്നാഗ്രഹിക്കാനൊ ആശിക്കാനൊ നമുക്കവകാശമുള്ളതല്ലല്ലൊ. അതിനാൽ അലംഘനീയവും കരുണാസംപൂർണ്ണവുമായ ദൈവഹിതത്തിനു സസന്തോഷം കീഴ്പ്പെടുകയെന്നുള്ളതല്ലാതെ മറ്റൊന്നും ഇപ്പോൾ നാം ചെയ്യേണ്ടതായിട്ടില്ല. മലങ്കര സമുദായചരിത്രത്തിൽ അത്യധികം വിഷമകരമായ ഒരു ഘട്ടത്തിൽ ഈ സഭയുടെ ഭരണചുമതല അനേകതരം ബലഹീനതകളോടും അയോഗ്യതകളോടും കൂടിയ നാം വഹിക്കണമെന്നാണ് ദൈവം തിരുമനസ്സായത്. ഈ കഴിഞ്ഞ 25 സംവത്സരക്കാലങ്ങളിലെ സംഭവങ്ങളെല്ലാം ഒരു നിഴൽപോലെ ഇപ്പോൾ കടന്നുപോയിരിക്കുന്നു എന്നിരുന്നാലും അവയുടെ ഫലങ്ങൾ സഭയുടെ ഭാവിയെ സാരമായ വിധത്തിൽ സ്പർശിക്കാതിരിക്കുന്നതല്ല. അനേകതരം അത്യാപത്തുകളിൽകൂടി മലങ്കര സമുദായം കടന്നുകൂടിയതു സർവ്വശക്തനായ ദൈവത്തിന്റെ കരുണ ഒന്നുകൊണ്ടു മാത്രമാണ്.

പലവിധത്തിലുള്ള ബലഹീനതകൾക്കു വശംവദനായ നമ്മുടെ കുറവുകളെയും അയോഗ്യതകളെയും വിസ്മരിച്ചു ഈ കാലമെല്ലാം നിങ്ങളിൽ ഓരോരുത്തരും നമ്മുടെ സമുദായത്തിന്റെ അഭ്യുദയത്തിനായി ആശയിലധികമായി നമ്മോടു സഹകരിച്ചു പ്രവർത്തിച്ചുകൊണ്ടിരുന്നിട്ടുള്ളതിനെപ്പറ്റിയുള്ള സ്മരണയും കൃതജ്ഞതയും നമ്മുടെ അവസാനശ്വാസംവരെ നമ്മിൽനിന്നു വിട്ടു മാറുന്നതല്ലെന്നു നിങ്ങൾ ഉറപ്പായി വിശ്വസിക്കണം. സമുദായനന്മയെ മാത്രം ലാക്കാക്കി നാം സ്വീകരിച്ച പല പദ്ധതികളെപ്പറ്റിയും പരമാർത്ഥമായ അഭിപ്രായവ്യത്യാസം നമ്മുടെ പ്രിയമക്കളിൽ ചിലർക്കെല്ലാം ഉണ്ടായിട്ടുണ്ടെന്നുള്ള സംഗതിയെപ്പോലെ മർമ്മഭേദകമായ വേറൊരു സ്മരണ ഈ ഘട്ടത്തിൽ നമുക്കില്ല. പ്രിയമക്കളെ നാമെല്ലാവരും മനുഷ്യസാധാരണങ്ങളായ പലതരം ബലഹീനതകളോടുകൂടിയവരാണെന്നും നമ്മുടെ പിതാക്കന്മാർ വളരെ വാശിയോടും ദണ്ഡത്തോടും കൂടി നടത്തിയ പല വഴക്കുകളും തർക്കങ്ങളും എത്രയും നിസ്സാരങ്ങളും ബുദ്ധിശൂന്യങ്ങളുമായി നമുക്കിപ്പോൾ തോന്നാറുള്ളതുപോലെ എത്രയും ഘനമേറിയവയെന്നു നാം കണക്കാക്കിവരുന്ന മിക്ക സംഗതികളും ഭാവി തലമുറയിലെ ആളുകൾ നിസ്സാരങ്ങളും ബുദ്ധിശൂന്യങ്ങളുമായവയെന്നു വിധിക്കാനിടയുണ്ടെന്നും നിങ്ങൾ ധരിച്ച്, ചെറിയ ആട്ടിൻ കൂട്ടമാകുന്ന നമ്മുടെ പാവപ്പെട്ട സഭ ഛിന്നഭിന്നമായിത്തീരാതിരിക്കാനായി സകല വാശികളും വഴക്കുകളും ഉപേക്ഷിച്ചും സഭയുടെ യോജിപ്പിനായി യഥാർത്ഥമായ സ്വാർത്ഥപരിത്യാഗത്തോടുകൂടിയും സർവ്വാത്മനാ പ്രയത്നിക്കണമെന്നുള്ളതു ദൈവസന്നിധിയിൽ നിങ്ങളുടെ സർവപ്രധാനമായ ചുമതലയായി നമ്മുടെ പ്രിയ മക്കളിൽ ഓരോരുത്തരും സ്വീകരിക്കണമെന്നു നമ്മുടെ അവസാന ശ്വാസത്തോടുകൂടി നാം പ്രബോധിപ്പിച്ചുകൊള്ളുന്നു. ഫറവോനെപ്പോലെ ഹൃദയകാഠിന്യമുണ്ടാകാതെ നമ്മുടെ കർത്താവിൽ നിന്ന് അനുഗ്രഹംപ്രാപിച്ച



ചെറിയ ശിശുക്കളെപ്പോലെയുള്ള മാർദ്ദവഹൃദയത്തോടുകൂടി നമ്മുടെ ഈ അപേക്ഷയെ നിങ്ങൾ സ്വീകരിക്കുമെന്നു നാം വിശ്വസിച്ചുകൊള്ളുന്നു. നിങ്ങളെല്ലാവരും അന്യോന്യം കുറ്റങ്ങളെപ്പറ്റി മാപ്പുചോദിക്കയും ക്ഷമിക്കയും സഹിക്കയും ചെയ്യുന്നതായാലല്ലാതെ അവസാന വിധികർത്താവിന്റെ സന്നിധിയിൽ നിങ്ങൾക്കും കരുണയും പാപമോചനവും ലഭിക്കുന്നതല്ലെന്നു നിങ്ങൾക്കെല്ലാവർക്കും അറിവുള്ളതാണല്ലൊ. നമ്മുടെ അസ്ഥികൾ നമ്മുടെ പിതാക്കന്മാരുടെ അസ്ഥികളോടുകൂടി ചേർന്നശേഷവും നമ്മുടെ എളിയ സഭയുടെ യോജിപ്പിനായി സകല വാദങ്ങളും വഴക്കുകളും മറന്നു പ്രവർത്തിക്കാനുള്ള സൽബുദ്ധി നിങ്ങളിൽ നിലനിൽക്കണമെന്നുള്ള നമ്മുടെ ബലഹീനമായ പ്രാർത്ഥന എപ്പോഴും ദൈവസന്നിധിയിൽ അർപ്പിക്കപ്പെടുന്നതാണെന്നു നിങ്ങൾ വിശ്വസിച്ചുകൊള്ളണം. ഒരേ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവുമെങ്കിലും നമ്മുടെ സഭയിൽ നിന്നു പിരിഞ്ഞുപോയിട്ടുള്ള സഹോദരസമുദായങ്ങളുമായി യോജിപ്പുണ്ടാക്കണമെന്നു നമ്മുടെ ഹൃദയത്തിന്റെ അഗാധത്തിൽ വളരെക്കാലമായി വേരൂന്നിയിരുന്ന ആഗ്രഹം സഫലീഭവിപ്പിക്കാനായി സർവപ്രകാരേണ പരിശ്രമിക്കണമെന്നുള്ളതും നമ്മുടെ

അവസാനശ്വാസത്തോടുകൂടി നിങ്ങളെ നാം ഭരമേല്പിക്കുന്ന ഒരു ചുമതലയും ഭാരവുമായി നിങ്ങൾ സ്വീകരിക്കണമെന്നു നാം ആഗ്രഹിക്കുന്നു.

നമ്മുടെ സഭയുടെ നിലനിൽപിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചു കൂടാത്ത അത്യാവശ്യമെന്നു നിങ്ങളിൽ പലരും നമ്മോടുകൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതേവരെയായി പല പ്രയാസങ്ങൾ സഹിച്ചു നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാസ്ഥാപനത്തെ പുലർത്തിക്കൊണ്ടുപോകാനുള്ള ചുമതലയും നാം നിങ്ങളിൽ ഓരോരുത്തരിലും സമർപ്പിച്ചുകൊള്ളുന്നു.

കടശ്ശി, പ്രിയമക്കളെ! നീതിമാൻ ആരുമില്ല ഒരുത്തൻപോലുമില്ല. നമ്മുടെ കർത്താവിന്റെ രക്തത്താലല്ലാതെ ഒരു നീതിമാനും നീതീകരിക്കപ്പെടുന്നില്ല. നമ്മുടെ ഭരണകാലത്തു നാം നിങ്ങളിൽ ആരെയെങ്കിലും വ്യസനിപ്പിക്കയൊ നഷ്ടപ്പെടുത്തുകയൊ മനസ്സോടും മനസ്സു കൂടാതെയും അറിവോടും അറിവു കൂടാതെയും വല്ല ദോഷവും ചെയ്കയൊ ചെയ്തുപോയിട്ടുണ്ടെങ്കിൽ അവയെല്ലാം പാപികൾക്കുവേണ്ടി തന്റെ ജീവനെ ഏൽപിച്ചുകൊടുക്കയും തന്നെ കുരിശിൽ തൂക്കിയവർക്കുവേണ്ടി തന്റെ പിതാവിനോടു പ്രാർത്ഥിക്കുകയും ചെയ്തവനായ കർത്താവീശോമ്ശിഹായിൽ നമ്മോടു ക്ഷമിക്കുമെന്നു നാം ഓരോരുത്തരോടും അപേക്ഷിക്കുന്നു. അപ്രകാരംതന്നെ ആരെങ്കിലും നമ്മോടു വല്ലതും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതു നാം നമ്മുടെ മനസ്സിൽ അശേഷം ശേഷിപ്പിച്ചിട്ടില്ലെന്നും മ്ശിഹായിൽ നാം ക്ഷമിച്ചിരിക്കുന്നു എന്നു നിങ്ങളെ നാം അറിയിച്ചുകൊള്ളുന്നു. പിന്നെയും പ്രിയരെ! നിങ്ങൾ ഒരുത്തനുവേണ്ടി ഒരുത്തൻ പ്രാർത്ഥിപ്പീൻ എന്നു വിശുദ്ധ യാക്കോബ് കൽപിച്ചിരിക്കുന്നതുപോലെ നമുക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിപ്പിൻ. നാം മരിക്കുന്നതായാലും സ്വസ്ഥതപ്രാപിക്കുന്നതായാലും നിങ്ങളുടെ പ്രാർത്ഥന നമുക്കു വിലയേറിയ സഹായമാകുന്നു. "ഞാൻ നല്ല പോർപൊരുതു, ഓട്ടത്തെ തികച്ചു, വിശ്വാസത്തെ കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. ആയതു നീതിയുള്ള ന്യായാധിപതിയായ കർത്താവു ആ ദിവസത്തിൽ എനിക്കു തരും" എന്നു വിശുദ്ധ പൗലൂസ് തന്നെക്കുറിച്ചുതന്നെ പറഞ്ഞ വചനം പാപിയായ നമ്മിലും നിവർത്തിക്കുന്നതിനായി നമുക്കുവേണ്ടി ഇപ്പോഴും നമ്മുടെ കാലശേഷവും നിങ്ങൾ പ്രാർത്ഥിക്കയും പട്ടക്കാർ വിശുദ്ധ കുർബാന ചൊല്ലുകയും ചെയ്യണമെന്നു നിങ്ങളുടെ സ്നേഹത്തോടു നാം അപേക്ഷിക്കുന്നു.

നമ്മുടെ കർത്താവായ യേശുമ്ശിഹാ അദൃശ്യമായിരിക്കുന്ന തന്റെ വലത്തുകൈയെ ബലഹീനനും പാപിയുമായ നമ്മുടെ വലത്തുകയ്യോടുകൂടി നിങ്ങളുടെമേൽ നീട്ടി നിങ്ങളെയും നിങ്ങളുടെ ഭവനങ്ങളെയും നിങ്ങളുടെ കൈകൾ ചെയ്യുന്ന എല്ലാ വേലകളെയും അനുഗ്രഹിക്കയും നമ്മെയും നിങ്ങളെയും വിശ്വാസികളായ നിങ്ങളുടെ എല്ലാ മരിച്ചുപോയവരെയും തന്റെ സ്വർഗ്ഗീയ പറുദൈസായിൽ ആശ്വസിപ്പിക്കുകയും ചെയ്വാൻ നാം പ്രാർത്ഥിക്കുന്നു.

അതു ദൈവമാതാവായ വി: കന്യകമറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രത്യേകം നമ്മുടെ കാവൽക്കാരനായ മാർത്തോമ്മാ ശ്ലീഹായുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

പിതാവായ ദൈവത്തിന്റെ സ്നേഹവും ഏകജാതനായ പുത്രന്റെ കൃപയും വിശുദ്ധ റൂഹായുടെ സംബന്ധവും സഹവാസവും നമ്മുടെ പ്രിയമക്കളെ! നിങ്ങൾ എല്ലാവരോടും എന്നേക്കും ഉണ്ടായിരിക്കട്ടെ ആമ്മീൻ.

1109 കുംഭം 11 -നു കോട്ടയത്തു പഴയസെമ്മനാരിയിൽ നിന്നും

(*വട്ടശ്ശേരിൽ തിരുമേനി: മലങ്കരസഭയുടെ കോട്ട*, കെ. വി. മാമ്മൻ, കോട്ടയം, 2012, പേജ് 198-201)

മരണപത്രിക

(വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ചരമം അടയുന്നതിന് ഏതാണ്ട് ഒരു വർഷം മുമ്പ് 1108 മകരം 3-ാം തീയതി ഒരു മരണപത്രിക എഴുതിവച്ചു. മാർ ദീവന്നാസ്യോസിന്റെ മരണശേഷം മരണപത്രിക രജിസ്റ്റർ ചെയ്യുന്നതിന് ഗീവർഗീസ് രണ്ടാമൻ കാതോലിക്കോസ് അപേക്ഷിച്ച സമയം പാത്രിയർക്കീസു പക്ഷത്തുനിന്നു എതിർത്ത് ആക്ഷേപം ബോധിപ്പിച്ചു. വിചാരണ നടത്തി ആക്ഷേപം തള്ളിക്കളയുകയും വിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തു. അതുകൊണ്ടും തൃപ്തിപ്പെടാതെ വിൽ അസ്ഥിരപ്പെടുത്തി കിട്ടുന്നതിന് 111-ൽ അസൽ 558-ാം നമ്പരായി ഒരു വ്യവഹാരവും ബോധിപ്പിച്ചു. അതും തള്ളിപ്പോയി.)

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ മലങ്കര ഇടവകയുടെ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായായ നാം നമ്മുടെ സമ്പാദ്യങ്ങളായി നമ്മുടെ കൈവശത്തിലും അനുഭവത്തിലും ആധീനത്തിലും കൈകാര്യ കർതൃത്വത്തിലും ഇരിക്കുന്ന സ്ഥാവര ജംഗമ സ്വത്തുക്കളെക്കുറിച്ചു നല്ല സുബോധത്തോടുകൂടി എഴുതിയ വില്പത്രം.

തൽക്കാലം ഓർമ്മയിൽവന്ന സ്ഥാവരങ്ങളുടെ ലിസ്റ്റ്.

1. കണ്ടനാട് കർമ്മേൽ പള്ളിയും പുരയിടവും. 2. മാവേലിക്കര തഴക്കര ഇംഗ്ലീഷ് മിഡിൽ സ്കൂൾ കെട്ടിടവും പുരയിടവും. 3. മല്ലപ്പള്ളി ബഥനി പള്ളിയും പുരയിടവും ... 4. പട്ടവയിൽ ബഥനിപ്പള്ളിയും പുരയിടവും. 5. തിരുവല്ലാ ബഥനിപ്പള്ളിയും അതിനോട് ചേർത്ത് പണിയിച്ചിട്ടുള്ള അരമനയും കുശിനിയും ആ പുരയിടങ്ങളും ... 6. നേന്ത്രവേലി നിലത്തോടുചേർന്ന് നമ്മുടെ പേരിൽ പുതുവൽ പതിപ്പിച്ചതും വള്ളക്കാലിൽ ചാക്കോമാത്തു മുപ്പതു പറ നെല്ല് പാട്ടമായി നടന്നുവരുന്നതുമായ നിലം..... 7. കുമരകം കായൽ നിലം. 8. പരുമല സെമിനാരി വകയും സെമിനാരിക്കുവേണ്ടി പണം കൊടുത്തും ദാനമായും നമ്മുടെ മുൻഗാമികളുടെയും നമ്മുടെയും പേരുകളിൽ സമ്പാദിച്ചിട്ടുള്ളവയും അവിടുത്തെ നമ്മുടെ മാനേജരുടെ നടത്തിപ്പിൽ ഇരിക്കുന്നവയുമായ നിലംപുരയിടങ്ങൾ ... പൊൻ വെള്ളി വെങ്കലം ശീലത്തരങ്ങൾ മുതലായി പ്രധാനപ്പെട്ട നമ്മുടെ ജംഗമങ്ങൾ തൽക്കാലം ഓർമ്മയിൽ വന്നവയുടെ ലിസ്റ്റ്.

1. ഇരട്ടപ്പത്തിയുള്ള സ്വർണ്ണ അംശവടി 1. 2) സ്വർണ്ണ പണിത്തരങ്ങളോടുകൂടിയ മുതലവായൻ വടി 1. 3) കല്ലുകൾ പതിച്ച സ്വർണ്ണ സ്ലീബാ 1. 4) രത്നങ്ങൾ പതിച്ച സ്വർണ്ണക്കുരിശ് അതിന്റെ സ്വർണ്ണമാലയോടു കൂടിയത് 1. 5) നാം എപ്പോഴും ധരിച്ചുവരുന്നതും മരതകപ്പച്ച മുതലായ വിലയേറിയ രത്നങ്ങൾ പതിച്ചതുമായ സ്വർണ്ണമോതിരം 1. .... (89) പരിശുദ്ധ മാർ കൌമ്മായുടെ തിരുശേഷിപ്പ് സൂക്ഷിച്ചിരിക്കുന്ന വെള്ളി ഡപ്പി 1. (70) പരുമല സെമിനാരിയിൽ കബറടങ്ങിയ കൊച്ചുമെത്രാച്ചന്റെ കൈപ്പടയിൽ എഴുതപ്പെട്ട വലിയ പട്ടം കൊട പുസ്തകം 1. ... നമ്മുടെ വിശ്വസ്ത സ്നേഹിതന്മാരിൽ ഒരുവനായിരുന്ന മരിച്ചുപോയ കൊല്ലപറമ്പിൽ കെ. എം. കുര്യൻ മാസ്റ്റർ, ടിയാന്റെ മരണപത്രത്തിൽ സി. എം.എസ്. കോളജിനു സമീപം ടിയാന് ഉള്ള സ്ഥലത്ത് ഒരു വിദ്യാർത്ഥി സത്രം പണിയിക്കുന്നതിനും, നമ്മുടെ വൈദിക വിദ്യാർത്ഥികൾക്കായി ഒരു പ്രത്യേക തിയോളജിക്കൽ കോളജ് സ്ഥാപിച്ചു നടത്തുന്നതുവരെ അവരുടെ പഠിത്തം തല്ക്കാലം മാർ ഏലിയാ ചാപ്പൽ ബംഗ്ലാവിൽ നടത്തുവാൻ ആലോചിച്ചിട്ടുള്ളതും ടി ബംഗ്ലാവിന്റെ മേൽക്കൂട് ജീർണ്ണപ്പെട്ടിരിക്കുന്നതും ആകയാൽ അയതുപൊളിച്ച് പുതുതായി പണിയിച്ചു നന്നാക്കി ഉപയോഗയോഗ്യമാക്കി തീർക്കുന്നതിനും വേണ്ടിവരുന്ന ചെലവുകൾ ചെയ്തുകൊള്ളണം. ....

സ്ഥാവരങ്ങളോ, ജംഗമങ്ങളോ, പണമോ സാമാനമോ എന്തുതന്നെആയിരുന്നാലും നമ്മുടെ ശേഷം നമുക്ക് പകരം നമ്മുടെ സഭാ സംബന്ധമായ ഭരണം മുതലായതു നടത്തുന്നതിനും നമ്മുടെ ആഗ്രഹങ്ങളെയും നിശ്ചയങ്ങളെയും നിവർത്തിക്കുന്നതിനും നമ്മുടെ അവകാശികളായി നാമും നമ്മുടെ സഭയും ഗണിച്ചിരിക്കുന്ന പൗരസ്ത്യ സിംഹാസനത്തിന്റെ ഇപ്പോഴത്തെ രണ്ടാമത്തെ ഗീവറുഗീസായ മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ ബാവായെയും കോട്ടയം മുതലായ ഇടവകകളുടെ കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് എപ്പിസ്കോപ്പായെയും തുമ്പമൺ മുതലായ ഇടവകകളുടെ ഗീവറുഗീസ് മാർ പീലക്സിനോസ് എപ്പിസ്കോപ്പായെയും ആകകൊണ്ടും നമുക്കുപകരം വേണ്ടത് ആ നിലയിലും സ്വന്തനിലയിൽ ചെയ്യേണ്ടത് ആ നിലയിലും ഇപ്പോൾ തന്നെ നിവർത്തിച്ചുവരുന്നത് ആ മേല്പട്ടക്കാരാകകൊണ്ടും, ഈ വില്പത്രപ്രകാരം പ്രവർത്തിപ്പാനും പ്രവർത്തിപ്പിപ്പാനുമുള്ള അധികാരവും അവകാശവും അവർക്ക് ഇരിക്കുന്നതാകയാൽ, കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ കൂടുന്ന എപ്പിസ്ക്കോപ്പൽ സിന്നഡ് അതുകളെ നടത്തിക്കേണ്ടതും, ഇതിൽ വിവരിച്ചിരിക്കുന്ന ചെലവുകൾ കഴിച്ച് ബാക്കിയുള്ളതു സകലവും ടി സിന്നഡിന്റെ അധികാരത്തിലും അവകാശത്തിലും വച്ച് ടി സിന്നഡ് ചെയ്യുന്ന നിശ്ചയങ്ങൾ അനുസരിച്ചു നടത്തുന്നതിനും നടത്തിക്കുന്നതിനും അനുഭവിക്കുന്നതിനും അനുഭവിപ്പിക്കുന്നതിനും സാമാനങ്ങൾ മുതലായവ ഉപയോഗിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ചെയ്യിക്കുന്നതിനും ഉള്ള അവകാശവും

സ്വാതന്ത്ര്യവും ടി എപ്പിസ്ക്കോപ്പൽ സിന്നഡിനിരിക്കുന്നതും ഇരിക്കേണ്ടതു മാകുന്നു. ..... കോട്ടയം സിമ്മനാരിയുടെ ഇപ്പോഴത്തെ മാനേജരായിരിക്കുന്ന ഔസേപ്പു റമ്പാച്ചനെ[2] നാമും ശേഷം മേല്പട്ടക്കാരും സുറിയാനി സമുദായവും മേല്പട്ടസ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ളതിനാൽ ഈ വില്പത്രം നട ത്തിക്കുന്നതിനും ടി എപ്പിസ്കോപ്പൽ സിന്നഡിലെ ഒരു അംഗത്തി നുള്ള അധി കാരാവകാശങ്ങൾ അനുഭവിക്കുന്നതിനും ടി റമ്പാച്ചനെയും നാം അധികാര പ്പെടുത്തുകയും അവകാശപ്പെടുത്തുകയും ചെയ്തിരി ക്കുന്നു.

മേല്പട്ടക്കാർക്കുള്ള സമ്പാദ്യങ്ങൾ അവരുടെ മരണശേഷം ഒരു എപ്പി സ്ക്കോപ്പൽ ഫണ്ടായി ശേഖരിച്ച് എപ്പിസ്ക്കോപ്പൽ സിന്നഡിന്റെ ഭരണ ത്തിൻകീഴിൽ മേല്പട്ടക്കാരുടെ ആവശ്യത്തിനും ഉപയോഗത്തിനുമായി നിശ്ച യിക്കുന്നതു നന്നായിരിക്കുമെന്നു നമുക്ക് അഭിപ്രായമുള്ളതിനാൽ അതുപ്ര കാരം ഒരു എപ്പിസ്ക്കോപ്പൽ ഫണ്ട് സ്ഥാപിച്ചു നടപ്പിൽവരുത്തുന്നതിനുള്ള ഒരു നിയമം നമ്മുടെ അസ്സോസിയേഷന്റെ ആലോചനയോടുകൂടി എപ്പിസ്ക്കോ പ്പൽ സിന്നഡു പാസ്സാക്കുന്നതായാൽ നമ്മുടെ ഈ വില്പത്രപ്രകാരം ചെലവു നീക്കി ബാക്കിയുണ്ടാകുന്ന നമ്മുടെ സകല സമ്പാദ്യങ്ങളും കൂടെ ടി എപ്പി സ്ക്കോപ്പൽ ഫണ്ടിലേയ്ക്കു ചേർത്തുകൊള്ളേണ്ടതാകുന്നു.

ഇതുവരെ നമ്മെ രക്ഷിച്ചു പാലിച്ചു വന്നവനായ കാരുണ്യവാനായ ദൈവ ത്തിനു തിരുവിഷ്ടം തോന്നി നമ്മുടെ ഇഹലോകജീവിതത്തെ ദീർഘിപ്പിക്കു ന്നതായാൽ ഈ വില്പത്രത്തിൽ പറയുന്ന സംഗതികൾ നാം തന്നെ നടത്തു ന്നതും അതിനു ഇടയാകാതെ ബലഹീനനായ നമ്മെ തന്റെ അടുക്കലേയ്ക്ക് ചേർത്തുകൊള്ളുന്നതായാൽ മേല്പറഞ്ഞ എപ്പിസ്കോപ്പൽ സിന്നഡിന് ഈ വില്പത്രത്തിലെ നമ്മുടെ ആഗ്രഹങ്ങളെയും നിശ്ചയങ്ങളേയും നടപ്പിൽ വരു ത്തുവാൻ അധികാരവും അവകാശവും ഉള്ളതുമാകുന്നു. വല്ല കാരണത്താലും എപ്പിസ്ക്കോപ്പൽ സിന്നഡ് കൂടി ഇതുകളെ നടപ്പിൽ വരുത്തുന്നതിന് ഉത്സാ ഹിക്കാതിരിക്കയോ അതുമൂലം നടപ്പിൽ വരുന്നതിന് വിഘ്നങ്ങൾ നേരിടു കയോ ചെയ്യുന്നതായാൽ ഈ വില്പത്ര പ്രകാരമുള്ള സംഗതികൾ നടത്തി ക്കുന്നതിന് ചെറിയമഠത്തിൽ സ്കറിയാ മല്പാനെയും ഹൈക്കോടതി വക്കീൽ ഇ. ജെ. പീലിപ്പോസ് ബി. എ. ബി. എൽ. -നെയും നാം അധി കാരപ്പെടുത്തി യിരിക്കുന്നതും ഈ വില്പത്രപ്രകാരമുള്ള സംഭാവനകൾ വാങ്ങുന്നതിനു സംഭാവന ഉടമസ്ഥരായ അവകാശികൾക്ക് അധികാരവും അവകാശവും ഉണ്ടാ യിരിക്കുന്നതും, എപ്പിസ്കോപ്പൽ സിന്നഡിനു പകരം സിന്നഡിനുവേണ്ടി ആവ ശ്യമുള്ള സകലവും പ്രവർത്തിക്കുന്നതിനും, ഇപ്പോൾ നമ്മുടെ കൈവശത്തിലും ആധീനത്തിലും ഉള്ള നോട്ടുകൾ, കറൻസിനോട്ടുകൾ, പാസ്സുബുക്ക്, വടി, മുടി, സ്ലീബാ മുതലായ സാമാനങ്ങൾ, താക്കോലുകൾ എന്നിവയൊക്കെയും കൈവ



പ. വട്ടശ്ശേരിൽ തിരുമേനിയുടെ കബറടക്കം

ശപ്പെടുത്തി കൈവശംവച്ചു വേണ്ടതു പ്രവർത്തിക്കുന്നതിനും എപ്പിസ്കോപ്പൽ സിന്നഡിന്റെ അദ്ധ്യക്ഷനായ കാതോലിക്കാബാവായ്ക്ക് അധികാരവും അവ കാശവും ഉണ്ടായിരിക്കുന്നതുമാകുന്നു. ...

ഈ വില്പത്രത്തെ മിശിഹാകാലം ആയിരത്തിതൊള്ളായിരത്തിമുപ്പത്തി മൂന്നിന്, കൊല്ലം ആയിരത്തി ഒരുനൂറ്റി ഏട്ടാമാണ്ടു മകരമാസം മൂന്നാം തീയതി തിങ്കളാഴ്ച കോട്ടയം സുറിയാനി സിമ്മനാരിയിൽ വച്ചു എഴുതിതീർത്തു ഇതിൽ നമ്മുടെ ഒപ്പും മുദ്രയും വച്ചു നാം സ്ഥിരപ്പെടുത്തിയിരിക്കുന്നു. മലങ്കര ഇടവ കയുടെ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ (ഒപ്പ്, മുദ്ര) കൈപ്പട സാക്ഷി മണലിൽ യാക്കോബു ശെമ്മാശ്ശൻ (സെക്രട്ടറി, ഒപ്പ്) സാക്ഷി കൾ 1. വല്യപാറേട്ടു മാത്യൂസ് കത്തനാർ (ഒപ്പ്) 2. വട്ടശ്ശേരിൽ അവിരാ വറു ഗീസ് ബി.എ. എൽ.റ്റി. (ഒപ്പ്) (സഹോദരപുത്രൻ)

(*വട്ടശ്ശേരിൽ തിരുമേനി: മലങ്കരസഭയുടെ കോട്ട*, കെ. വി. മാമ്മൻ, കോട്ട യം, 2012, പേജ് 210-213)

പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെ സൂക്തങ്ങൾ

പട്ടക്കാർ

20. പട്ടക്കാർ ഭൂമിക്കടുത്തവരെ സ്വർഗ്ഗത്തിനടുത്തവരും മൃഗസ്വഭാവികളെ ദൈവസ്വഭാവികളുമാക്കിത്തീർക്കുന്നതിനുള്ള വഴികാട്ടികളും കാണ പ്പെടാവതല്ലാത്ത ദൈവത്തിന്റെ സ്ഥാനപതികളും, തന്റെ സഭയ്ക്കു ഏല്പിക്കപ്പെട്ടിരിക്കുന്ന വി. കൂദാശകളെ ശുശ്രൂഷിക്കുന്നവരും ആകുന്നു.

21. ഒരുവൻ സ്വമേധയാ തനിക്കായിട്ട് ഈ സ്ഥാനത്തെ പ്രാപിപ്പാൻ കഴിയ ുന്നതല്ല. ദൈവത്തിന്റെ ഇഷ്ടപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവരും മിശിഹായിൽ നിന്നുള്ള കൈവെപ്പു വഴിയായി മേൽപ്പട്ടക്കാരിൽ നിന്നു കൈവെപ്പു പ്രാപിച്ചവരുമായവർക്കു മാത്രം ഇത് ഇരിക്കുന്നതാകുന്നു. ഇപ്രകാരമുള്ള കൈവയ്പും അനുവാദവും ഇല്ലാതെ ഒരുത്തനും സഭയിൽ ശുശ്രൂഷ ചെയ്വാനോ പരസ്യമായി പ്രസംഗിപ്പാനോ അധികാരമില്ല.

വിവാഹം

22. വിവാഹം എന്നതു പുരുഷനും സ്ത്രീയും തമ്മിൽ വേർതിരിഞ്ഞു കൂടാത്തവണ്ണം ആത്മപ്രകാരം അവരെ ബന്ധിക്കയും അവർക്കും അവരുടെ സന്തതികൾക്കും ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങളും വാഴ്വുകളും കൊടുക്കയും ചെയ്യുന്ന ഒരു വിശുദ്ധ കൂദാശയാകുന്നു.

23. വിവാഹം നല്ലതും വിവാഹം ചെയ്യരുതെന്ന് ഒരുത്തനോടും വിരോധിച്ചു കൂടാത്തതുമത്രേ.

24. വിവാഹം ഒരു ഉടമ്പടി എന്നു മാത്രമല്ല ഒരു വിശുദ്ധ കൂദാശയും, പുരുഷന് സ്ത്രീ വിവാഹം പറഞ്ഞു ബോധിക്കപ്പെടുന്നതും അവർ ഇരുവരും ഒരു ജഡമായി ഇണചേർക്കപ്പെടുന്നതും ദൈവത്താൽ ആക കൊണ്ട് ദൈവത്തിന്റെ സ്ഥാനപതിയായ പട്ടക്കാരൻ കൂടാതെ വിവാഹ കൂദാശ നിവർത്തി ക്കപ്പെടാവുന്നതല്ല.



25. വിവാഹം ചെയ്യരുതെന്ന് ഒരുത്തനോടും വിരോധിച്ചു കൂടാത്തതെങ്കിലും ഒരുത്തൻ തന്റെ സ്വന്ത മനസ്സിൽ വിവാഹം ഉപേക്ഷിച്ചു തന്റെ ആ ത്മാവിനെയും ശരീരത്തെയും ദൈവത്തിന്റെ മുമ്പാകെ വെടിപ്പോടു കൂടെ കാത്തു ദൈവത്തിനു വേല ചെയ്യുന്നുവെങ്കിൽ ഏറ്റം നല്ലതാകുന്നു.

അനുതാപം

43. സത്യ അനുതാപം എന്നു പറയുന്നതു ചെയ്തുപോയ പാപങ്ങൾക്കു വേണ്ടി ദുഃഖിച്ചു മാപ്പു ചോദിക്കയും ചെയ്തുവരുന്ന പാപങ്ങളിൽ നിന്നും ഒഴികയും മേലാൽ ദൈവത്തിനു ഇഷ്ടമാംവണ്ണം പരമാർത്ഥമുള്ള അനു സരണത്തിൽ നടക്കണമെന്ന് മനസ്സിൽ ഉറക്കയും ചെയ്യുന്നതാകുന്നു. ഏതു പാപിക്കും അനുതാപത്തിന്റെ വാതിൽ അടയ്ക്കപ്പെടുവാനുള്ളതല്ല. ഏതു സമയത്തും ഏതു സ്ഥിതിയിലും ചെയ്തുപോയിട്ടുള്ള സകലവിധ പാപങ്ങളെക്കുറിച്ചും നല്ല ശരണത്തോടും സത്യവിശ്വാസത്തോടുംകൂടെ അനുതപിച്ച് കരുണയുള്ള ദൈവത്തിങ്കലേയ്ക്ക് അടുത്തുചെല്ലേണ്ടതാകുന്നു.

ലേഖനം

വി. കുർബ്ബാനയും പ്രതീകശക്തിയും

ഫാ. ഡോ. കെ. എം. ജോർജ്

പ്രതീകം (Symbol) എന്നാൽ എന്താണെന്നു ചോദിച്ചാൽ പലരും പല വിധത്തിലായിരിക്കും ഉത്തരം പറയുക. നമുക്ക് ഇന്ദ്രിയങ്ങൾ കൊണ്ട് ഗ്രഹിക്കുവാൻ പ്രയാസമുള്ള ഒരു യാഥാർത്ഥ്യത്തെ കുറച്ചെങ്കിലും മനസ്സിലാക്കാനുള്ള ഒരു ഉപാധി എന്ന നിലയിലാണ് പലരും പ്രതീകത്തെ മനസ്സിലാക്കുന്നത്. ഇത് അതിന്റെ ഒന്നാമത്തെ അർത്ഥമാണ്. ഉദാഹരണമായി സ്നേഹം എന്ന വികാരം പ്രകടിപ്പിക്കാൻ നാം വിവിധ ഉപാധികളെ ആശ്രയിക്കുന്നു. സ്നേഹമുള്ളവരെ കാണുമ്പോൾ പുഞ്ചിരിക്കുക, ഹസ്തദാനം ചെയ്യുക, ആലിംഗനം ചെയ്യുക, സമ്മാനം കൊടുക്കുക എന്നീ ക്രിയകളെല്ലാം സ്നേഹത്തിന്റെ ബാഹ്യമായ പ്രകടനങ്ങളാണ്. ആദരവ് കാണിക്കാൻ കൈകൂപ്പുക, കാൽതൊട്ട് വന്ദിക്കുക, വണങ്ങുക എന്നിങ്ങനെ പല മാർഗ്ഗങ്ങൾ അവലംബിക്കുന്നു. നമ്മുടെ ശരീരത്തിന്റെ ബാഹ്യചേഷ്ടകളിലൂടെയാണ് ഇവിടെ നാം ആന്തരിക ഭാവങ്ങളെ വെളിപ്പെടുത്തുന്നത്. ഈ ചേഷ്ടകളെല്ലാം ഒരു തരത്തിൽ പ്രതീകങ്ങളാണ്.

ഈ വികാരങ്ങളൊക്കെ പ്രകടിപ്പിക്കാൻ വാക്കുകൾ മാത്രം വേണമെങ്കിൽ ഉപയോഗിക്കാം. 'എനിക്ക് നിങ്ങളോടു സ്നേഹമാണ്', 'ഞാൻ അങ്ങയെ ബഹുമാനിക്കുന്നു' എന്നൊക്കെ പറയാൻ കഴിയും. പക്ഷേ, അങ്ങനെ ഉച്ചരിക്കപ്പെടുന്ന വാക്കിനേക്കാൾ എത്രയോ മടങ്ങ് ശക്തിയാണ് ശരീരത്തിന്റെ പ്രത്യേക ചില ചലനങ്ങൾകൊണ്ട് നാം പകരുന്നത്. വ്യക്തികൾ തമ്മിലുള്ള സാമൂഹികബന്ധത്തിന് ഉറപ്പു നൽകുന്നത് വെറും വാക്കല്ല, വാക്കിനാൽ അനുഗതമായ ശാരീരിക ക്രിയകളാണ്.

സാധാരണരീതിയിൽ ഒരു പ്രതീകം എപ്പോഴും അമൂർത്തമായ ഒരു യാഥാർഥ്യത്തെ ബഹിർസ്ഫുരിപ്പിക്കുന്ന മൂർത്തമായ ഒരു വസ്തുവോ, ഒരു ചിത്രമോ, ഒരു ശാരീരിക നിലയോ ആയിരിക്കും.

എന്നാൽ ഇതിനേക്കാൾ കുറച്ചുകൂടി ആഴമുള്ള രണ്ടാമത് ഒരർത്ഥം പ്രതീകത്തിന് നല്കാൻ കഴിയും. ഇതു മനസ്സിലാക്കണമെങ്കിൽ പ്രതീക (Symbol) വും അടയാള (Sign) വും തമ്മിൽ ചിലർ കൽപ്പിക്കുന്ന വ്യത്യാസം അറിഞ്ഞിരിക്കണം. റോഡിൽ നാട്ടി നിർത്തിയിരിക്കുന്ന ചൂണ്ടുപലക ഒരടയാളമാണ്. തിരുവനന്തപുരത്തേയ്ക്ക് 90 കി. മീ. എന്നു വഴിപോക്കരെ അറിയിക്കുന്ന ഈ ചൂണ്ടുപലക നമുക്ക് പ്രയോജനപ്പെടുന്നു. പക്ഷേ, ആ സൂചന സ്വീകരിച്ചു നാം മുന്നോട്ടു പോയിക്കഴിയുമ്പോൾ അതിന്റെ അർത്ഥം നഷ്ടപ്പെടുന്നു. തിരുവനന്തപുരത്തിന് പോകുന്നവർ ആരും ആ ചൂണ്ടുപലകയുടെ കീഴിൽ സ്ഥിരമായി നിൽക്കുകയോ, അതിനെ ബഹുമാനിക്കയോ, ചെയ്യുന്നില്ല. യാത്രക്കാർ ആ ചൂണ്ടുപലകയെ കടന്നുപോകുകയും തൽക്ഷണം അതിനെ മറന്നുകളയുകയും ചെയ്യുന്നു. ഇവിടെ ആ ചൂണ്ടുപലക ഒരടയാളം (Sign) മാത്രമാണ്.

എന്നാൽ ആരെങ്കിലും നമുക്ക് സ്നേഹവും ആദരവും നിറഞ്ഞ ഹൃദയത്തോടെ ഒരു പൂച്ചെണ്ട് നൽകിയെന്നു കരുതുക. വലിയ വിലയൊന്നുമില്ലാത്ത ആ പൂച്ചെണ്ട് നാം സന്തോഷപൂർവ്വം, ശരീരം വണങ്ങി, കൈ നീട്ടി സ്വീകരിക്കുന്നു. കൊടുക്കുന്നവനും സ്വീകരിക്കുന്നവനും സന്തോഷിക്കുന്നു. ഇരുവരുടെയും ഹൃദയങ്ങൾ ബാഹ്യവസ്തുവായ പൂച്ചെണ്ടിൽ ഒന്നായിത്തീരുന്നു. ഇവിടെ പൂച്ചെണ്ട് ഒരു പ്രതീകം (Symbol) ആണ്. രണ്ടു വ്യക്തികൾ തമ്മിലോ രണ്ടു സമൂഹങ്ങൾ തമ്മിലോ ഉള്ള സ്നേഹാദരവുകളുടെ പ്രതീകം.

സ്നേഹപൂർവ്വം നൽകിയ പൂച്ചെണ്ട് നാം തട്ടിക്കളയുകയും നിലത്തിട്ടു ചവിട്ടുകയും ചെയ്താലോ? സ്നേഹത്തിന് മുറിവേൽക്കുന്നു. സൗഹൃദം അപമാനിക്കപ്പെടുന്നു. ബന്ധങ്ങൾ മുറിയുന്നു. ചിലപ്പോൾ സ്നേഹത്തിന്റെ എതിർ വികാരങ്ങളായ വിദ്വേഷവും വെറുപ്പും ഉണ്ടായെന്നും വരാം. ഇത് ആ പൂച്ചെണ്ടിന്റെ പ്രതീകശക്തികൊണ്ടാണ്. റോഡിൽ നിൽക്കുന്ന ചൂണ്ടുപലക തട്ടിമറിച്ചിട്ട് ചവിട്ടിയാൽ ഒരുപക്ഷേ അത് ജനങ്ങൾക്ക് ഉപദ്രവമാണെന്ന് വരാം.

നിയമലംഘനമാണെന്ന് വരാം. എന്നാൽ പൂച്ചെണ്ട് നിലത്തിട്ട് ചവിട്ടിയതുപോലെയല്ല അത്. അർത്ഥത്തിലും അനന്തരഫലങ്ങളിലും ഈ രണ്ടു പ്രവൃത്തികൾ തമ്മിൽ വ്യത്യാസമുണ്ട്.

മുകളിൽപ്പറഞ്ഞ രണ്ടർത്ഥതലങ്ങളേക്കാൾ ആഴത്തിൽ വീണ്ടും മൂന്നാമതൊരു അർത്ഥം പ്രതീകത്തിന് നൽകാനാവും. ഇവിടെയാണ് ക്രിസ്തീയാരാധനയിൽ, പ്രത്യേകിച്ചും വിശുദ്ധ കുർബാനയിൽ പ്രതീകങ്ങൾ ഉപയോഗിക്കുന്നതിന്റെ പ്രസക്തി.

ഈ മൂന്നാംതലത്തിൽ, ഒരു വസ്തുവോ, ചിത്രമോ, ക്രിയയോ അതീന്ദ്രിയമായ ദിവ്യയാഥാർത്ഥ്യത്തിന്റെ സാന്നിധ്യം സംവഹിക്കുവാൻ കഴിവുറ്റതായിത്തീരുന്നു. പ്രതീകവും യാഥാർത്ഥ്യവും എന്നു വ്യവച്ഛേദിക്കാൻ ആവാത്തവിധം അവ ഒന്നായിത്തീരുന്നു. ആദ്യം പറഞ്ഞ രണ്ടു തലങ്ങളിലും ഇവ തമ്മിൽ ഒരളവുവരെ വേർപെടുത്തുവാനാവും. എന്നാൽ പ്രതീകത്തിന്റെ ആഴവും സച്ഛവും ശുദ്ധവുമായ തലത്തിൽ പ്രതീകവസ്തുവും അതു സംവഹിക്കുന്ന യാഥാർത്ഥ്യവും അവിഭാജ്യമായ വിധത്തിൽ ഒന്നായിത്തീരുന്നു. എറ്റവും നല്ല ഉദാഹരണമാണ് വിശുദ്ധ കുർബ്ബാനയിൽ നാം സമർപ്പിക്കുന്ന അപ്പവും വീഞ്ഞും. സാധാരണ വസ്തുക്കളായി നാം അർപ്പിക്കുന്ന അപ്പ വീഞ്ഞുകൾ രക്ഷകനായ ക്രിസ്തുവിന്റെ ശരീര രക്തങ്ങളായി നാം അനുഭവിക്കുന്നു. ഇവിടെ ആ വസ്തുക്കൾ പ്രതീകങ്ങളാണ്. പ്രതീകമെന്ന പദത്തിന്റെ സമ്പൂർണ സാന്ദ്രതയിൽ. അപ്പവും വീഞ്ഞും തിരുശരീര രക്തങ്ങളായി പൂർത്തീകരിക്കപ്പെടുന്നു എന്നു നാം പറയുമ്പോൾ, അത് ഉപമാലങ്കാരമോ രൂപകാലങ്കാരമോ അല്ല. യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ഒരു പ്രത്യേക വീക്ഷണം നാം പ്രതിഫലിപ്പിക്കുകയാണ്. കൂദാശ (Mystery / Sacrament) കളുടെ അർത്ഥത്തിലേക്ക് ഇത് വിരൽ ചൂണ്ടുന്നു.

രണ്ട് സമീപനങ്ങൾ

എല്ലാക്കാലത്തും എല്ലാ സംസ്ക്കാരങ്ങളിലും പ്രത്യക്ഷപ്പെടുന്ന രണ്ടു സമീപനങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കേണ്ടതുണ്ട്. ഒന്ന്, മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന അറിവും സുഖവുമാണ് പരമമായ സത്യം എന്നു കരുതുന്ന ഒരു തരം ലോകായതിക്വം. ഇന്ദ്രിയാതീതമായ യാഥാർത്ഥ്യങ്ങളെ ഇത് നിഷേധിക്കുകയും കാണപ്പെടുന്ന ലോകത്തിന്റെ അനുഭവങ്ങളിൽ മാത്രം അഭിരമിക്കുകയും ചെയ്യുന്നു. ഭൗതികവാദം, ആനന്ദവാദം തുടങ്ങിയ പല പേരുകളിൽ ഈ മനോഭാവം പ്രകടമാകുന്നു.

രണ്ടാമത്തേത് ഒരു ദ്വന്ദവാദമാണ്. കാണപ്പെടുന്ന ഭൗതിക യാഥാർത്ഥ്യം തിന്മയോ തിന്മയിലേക്കു നയിക്കുന്നതോ ആണെന്നും അതീന്ദ്രിയമായ ആത്മീയ യാഥാർത്ഥ്യമാണ് നിലനിൽക്കുന്ന യാഥാർത്ഥ്യമെന്നും ഇവിടെ കരുതുന്നു. അതുകൊണ്ട് ആത്മീകരാവാൻ ആഗ്രഹിക്കുന്നവർ

ഭൗതികലോകത്തെ പൂർണ്ണമായും തിരസ്കരിക്കണം. ഭൗതികവും ആത്മീയവും തമ്മിൽ സമ്പൂർണ്ണമായി വേർപെടണം. മനികൃവാദം, ജ്ഞാനവാദം തുടങ്ങിയ പേരുകളിൽ ഇവ അറിയപ്പെടുന്നു.

ഈ രണ്ടു ചിന്താഗതികളും ഓരോ അളവിലും രൂപത്തിലും ഓരോരോ കാലങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ട്. ക്രിസ്തീയസഭയുൾപ്പെടെ എല്ലാ മതങ്ങളിലും പല അളവുകളിൽ ആത്മീയ ഭൗതിക ദ്വന്ദചിന്തയുടെ അംശങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്. ഭൗതികവാദം പല രൂപത്തിൽ നമ്മുടെ സമൂഹങ്ങളിൽ ഇന്നു കാണപ്പെടുന്നു.

കൗദാശിക സമീപനം

ഈ രണ്ടുതരം യാഥാർത്ഥ്യ സമീപനങ്ങൾക്കും അതീതമായി ഉയരുന്ന ഒന്നാണ് ക്രിസ്തീയ സഭയുടെ കൗദാശിക സമീപനം. യേശുക്രിസ്തുവിന്റെ മനുഷ്യാവതാരമാണ് സഭയുടെ കൗദാശികാടിസ്ഥാനം. 'ശരീരത്തെയും ആത്മാവിനെയും സ്വജാതിയെയും വിജാതികളെയും സ്വർഗത്തെയും ഭൂമിയെയും' കർത്താവ് തന്നിൽ ഒന്നാക്കിത്തീർത്തുവെന്നു ഖണ്ഡിപ്പിന്റെ രഹസ്യശുശ്രൂഷയിൽ പറയുന്നു. വിശുദ്ധ കന്യകമറിയാമിൽ നിന്ന് എടുത്ത ശരീരത്തിലാണ് ദൈവവും മനുഷ്യനും ഒന്നായിത്തീർന്നത്. കന്യകമറിയം മണ്ണിന്റെ മകളാണ്. മാനവവംശത്തിന്റെ പ്രതിനിധിയാണ്. സൃഷ്ടിയുടെ പ്രതിരൂപമാണ്. കന്യകയിൽ നിന്ന് ദൈവം ശരീരമെടുത്തു എന്നു പറഞ്ഞാൽ മൺമയമായ ഈ ലോകത്തോടും മാനവവർഗ്ഗത്തോടും സൃഷ്ടിയോടു മുഴുവൻ ദൈവം താദാത്മ്യം പ്രാപിച്ചു എന്നാണർത്ഥം. കന്യകമറിയാമിൽ നിന്നുള്ള ജനനം മനുഷ്യാവതാര യാഥാർത്ഥ്യത്തിന്റെ ഉരകല്ലാണ്. കന്യകമറിയാമിനെ 'ദൈവജനനി' (Theotokos) എന്നു വിളിക്കുന്നത്, യേശുവിന്റെ മനുഷ്യാവതാര രഹസ്യത്തിന്റെ സത്യം വെളിപ്പെടുത്തുവാനാണ് എന്ന് അലക്സാന്ത്രിയയിലെ വിശുദ്ധ കൂറിലോസും (5-ാം നൂറ്റാണ്ട്) മറ്റും ഊന്നിപ്പറഞ്ഞിരുന്നു. മരണമായവും മരണത്തിനധീനവുമാണ് നമ്മുടെ ശരീരം. ആ ശരീരം കർത്താവ് സ്വീകരിച്ചു. അങ്ങനെ കർത്താവായ യേശുവിന്റെ ഭൗമിക ശരീരം ദൈവത്തിന്റെയും മനുഷ്യന്റെയും അതുല്യവും അവിഭാജ്യവുമായ സംയോജിത സാന്നിധ്യമായിത്തീർന്നു. സ്രഷ്ടാവായ ദൈവം സൃഷ്ടിയുടെ സ്വഭാവം സ്വീകരിച്ചു. സൃഷ്ടിയായ മനുഷ്യൻ സ്രഷ്ടാവിന്റെ സ്വഭാവം ധരിച്ചു. ഈ വലിയ രഹസ്യത്തിന്റെ വിശുദ്ധമായ പ്രതീകമാണ് മനുഷ്യാവതാരം ചെയ്ത യേശുക്രിസ്തു.

സകലത്തെയും തന്നിൽ ഒന്നാക്കിത്തീർക്കുന്ന ദിവ്യദൗത്യത്തിന്റെ പ്രതീകമാണ് മനുഷ്യാവതാരം ചെയ്ത ക്രിസ്തു. അതുകൊണ്ട്, ക്രിസ്തുധിഷ്ഠിതമായ കൂദാശകളെല്ലാം ദൈവത്തെയും മനുഷ്യരെയും സംയോജിപ്പിക്കുന്ന യൗഗിക മാനത്തിനു പ്രാമുഖ്യം നൽകുന്നു. ദ്രവ്യ വസ്തുവോ വസ്തുസ്ഥിതമായ പ്രപഞ്ചമോ തിന്മയാണെന്ന് ഇവിടെ പഠിപ്പിക്കുന്നില്ല. വസ്തു മാത്രം യാഥാർത്ഥ്യം എന്ന ഭൗതിക മാത്ര ചിന്തയും ഇവിടെയില്ല. കർത്താവായ യേശുവിന്റെ ശരീരാത്മദേഹികളോട് അനുരൂപപ്പെട്ട്, അതിൽ പങ്കാളിയായി തേജസ്സിന്റെ പുതിയൊരു അനുഭവത്തിലേയ്ക്കു പ്രവേശിക്കാനുള്ള വിളിയാണു കൂദാശകൾ നൽകുന്നത്. അങ്ങനെ കൂദാശകൾ പ്രതീകശക്തി വെളിപ്പെടുത്തുന്നു.

ഇപ്പോൾ നാം കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന ലോകം ദൈവം നൽകിയിട്ടുള്ള അനവധി സാധ്യതകളിൽ ഒന്നു മാത്രമാണ്. ഈ പ്രപഞ്ച വസ്തുവിന്റെ രാസഘടനയിലോ ഭൗതിക നിയമത്തിലോ അൽപം ചില മാറ്റങ്ങൾ വരുത്തിയാൽ, ഇന്നു നാം കാണുന്ന ഈ ലോകം സമ്പൂർണ്ണമായി വ്യത്യാസപ്പെടും. നമ്മുടെ കണ്ണ്, കാത്, രസന തുടങ്ങിയ ഇന്ദ്രിയങ്ങളുടെ ഗ്രഹണസ്വഭാവം അൽപ്പം മാറ്റിയാലും പുതിയൊരു ലോകമായിരിക്കും നമുക്കനുഭവപ്പെടുക. ഇങ്ങനെ ഭൗതിക തലത്തിനുള്ളിൽത്തന്നെ അനന്തമായ സാധ്യതകളാണ് ഈ സൃഷ്ടിയിലുള്ളത്. അപ്പോൾ പിന്നെ, 'കണ്ണു കണ്ടിട്ടില്ലാത്തതും ചെവി കേട്ടിട്ടില്ലാത്തതും ഹൃദയം സങ്കൽപിച്ചിട്ടില്ലാത്തതുമായ' ആത്മീയാനുഭവം നമുക്കു തുലോം അജ്ഞാതമാണ്. കൂദാശകളെന്ന 'രഹസ്യ'ത്തിന്റെ അനുഭവത്തിലൂടെ, സ്ഥലകാലങ്ങളാൽ പരിമിതപ്പെടുത്തിയ നമ്മുടെ ഈ ലോകത്തിന്റെ ഐന്ദ്രികാനുഭവത്തിനതീതമായി ദൈവസൃഷ്ടിയുടെ 'അനന്തവും അജ്ഞാതവും അവർണനീയവു'മായ സാധ്യതകളുടെ പടിവാതിൽക്കൽ നാം എത്തിച്ചേരുന്നു.

മണ്ണിൻ വിളവുകൾ

വിശുദ്ധ കുർബാനയിൽ നാം സമർപ്പിക്കുന്ന അപ്പവീഞ്ഞുകളെപ്പറ്റി സൂചിപ്പിച്ചല്ലൊ. കുർബാനയുടെ കേന്ദ്ര പ്രതീകമാണ് ഈ വസ്തുക്കൾ. മനുഷ്യന്റെ അദ്ധ്വാനഫലമായ ഈ 'മണ്ണിൻ വിളവുകൾ' മനുഷ്യ വർഗത്തിന്റെയും സൃഷ്ടി മുഴുവന്റെയും പ്രതീകമാണ്. കുർബാന അർപ്പിക്കുവാനായി പള്ളിയിൽ കൂടുന്ന ജനങ്ങളുടെ മാത്രമല്ല, സകല മനുഷ്യരുടെയും മൃഗങ്ങളുടെയും പക്ഷികളുടെയും 'അചേതന'മെന്നു നാം വിളിക്കുന്ന മുഴുവൻ പ്രപഞ്ചത്തിന്റെയും കൂട്ടായ സമർപ്പണമാണ് അവിടെ നടക്കുന്നത്. കർത്താവിന്റെ ബലിയിലുള്ള പങ്കാളിത്തമാണ് വിശുദ്ധ കുർബാനയെങ്കിൽ, ആ ബലി സകലത്തെയും ദൈവസന്നിധിയിൽ ഒന്നായി നിർത്തുവാൻ വേണ്ടിയായിരുന്നു എന്നു നാം മറക്കരുത്. വിശ്വാസികൾ മാത്രമാണ് വി. കുർബാനയിൽ ദൃശ്യമായി പങ്കെടുക്കുന്നത്. പക്ഷേ, വിശ്വാസികൾ വിശ്വാസികൾക്കുവേണ്ടി മാത്രം അർപ്പിക്കുന്നതല്ല കുർബാന. വിശ്വാസികൾ ദൈവത്തിന്റെ സകല സൃഷ്ടിക്കും വേണ്ടി വിശ്വാസപൂർവ്വം സമർപ്പിക്കുന്നതാണ് യഥാർത്ഥ കുർബാന. ഏറ്റവും ആദ്യമായി ഇതു ലോകത്തിന്റെ ജീവനുവേണ്ടിയുള്ള കൃതജ്ഞതാർപ്പണമാണ്. കർത്താവ് മരിച്ചതും ഉയിർത്തെഴുന്നേറ്റതും ലോകത്തിന്റെ ജീവനുവേണ്ടിയായിരുന്നു. അതുകൊണ്ട് പ്രപഞ്ചത്തിന്റെ ജീവന് - ഭൗതികവും ആന്തരികവുമായ ജീവനുവേണ്ടി നാം കൃതജ്ഞതയും സ്തോത്രവും ദൈവസന്നിധിയിൽ സമർപ്പിക്കുന്നു. അവയുടെ പ്രതീകമോ വെറും ചെറിയൊരപ്പവും അൽപം മുന്തിരി രസവും.

ആചാരവും ചൈതന്യവും

'നമ്മുടെ ചെറിയ ഗ്രഹമായ ഭൂമി' എന്നു ഭൂഗോളത്തെ ഇന്നു വിശേഷിപ്പിക്കാറുണ്ട്. ഒരു ചെറിയ ഗോളാകൃതിയിലുള്ള ദുർബലമായൊരു ഗ്രഹത്തെയാണ് ബാഹ്യാകാശ സഞ്ചാരികൾ പുറത്തുനിന്നു നോക്കുമ്പോൾ കാണുന്നത്. സൂര്യനും മറ്റു ഗ്രഹങ്ങളുമടങ്ങിയ സൗരയൂഥത്തിന്റെ ഒരു ഭാഗവുമാണ് നമ്മൾ. നമ്മുടെ സൂര്യനേക്കാൾ അനവധി മടങ്ങു വലിപ്പമുള്ള കോടാനുകോടി സൂര്യന്മാരുള്ള നക്ഷത്രസമൂഹങ്ങൾ നമുക്ക് ചുറ്റുമുണ്ട്. ഈ അചിന്ത്യ ശക്തിയുൾക്കൊള്ളുന്ന പ്രപഞ്ചം നിരന്തരം പുറത്തേയ്ക്ക് വികസിച്ചുകൊണ്ടിരിക്കുന്നു. അതേ സമയം അത് ഒന്നായി നിലകൊള്ളുകയും ചെയ്യുന്നു. നാം ഭൂമിയിൽ നിശ്ചലരായി, സ്ഥിരമായി നിൽക്കുന്നു എന്നു തോന്നുമ്പോഴും നാം പ്രപഞ്ചത്തിന്റെ വികാസത്വരയിൽ അറിയാതെ പങ്കാളികളാകുന്നു. ഭൂമിയുടെ രണ്ടുതരം കറക്കങ്ങൾക്കു നാം വിധേയരാകുന്നു. ഗാലക്സികളുടെ ആന്ദോളനങ്ങളിൽ നാം സംബന്ധികളാകുന്നു. വിശുദ്ധ കുർബാനയിൽ അപ്പവീഞ്ഞുകളെ ദൈവത്തിനു സമർപ്പിച്ചു തന്റെ സൃഷ്ടിക്കുവേണ്ടി നാം പ്രാർത്ഥിക്കുമ്പോൾ ഈ ചലനങ്ങളൊന്നും നമ്മെ അലോസരപ്പെടുത്താറില്ല. ആചാര നിബദ്ധവും സ്നേഹശൂന്യവുമായ ഒരു കർമ്മത്തിനു മൂകസാക്ഷികളായി നിലകൊണ്ട്, ശൂന്യമായ മനസ്സോടെ തിരിയെപ്പോകുന്ന ധാരാളം ജനങ്ങളുണ്ട്. നമ്മുടെ സമർപ്പണത്തിന്റെ പ്രതീകശക്തി അനുഭവിച്ചറിഞ്ഞാൽ, ചലനാത്മകവും വികസ്വരവുമായ ഒരു അതീത യാഥാർത്ഥ്യത്തിലേക്കാണ് നാം പ്രവേശിക്കുന്നതെന്നു നമുക്കു ബോധ്യമാവും.

പ്രതീകങ്ങളുടെ ശക്തിയെ ഊതിക്കളയുകയും അവയെ വരണ്ട അടയാളപ്പലകകളായി മാറ്റുകയും ചെയ്യുന്നതു പലപ്പോഴും ആചാരനിബദ്ധമായ ആവർത്തനമാണ്. വിശുദ്ധ കുർബാനയിൽ നാം സ്വീകരിച്ചിരിക്കുന്ന പ്രതീകങ്ങളുടെ ഊർജ്ജസ്രോതസ്സിലേക്ക് പ്രവേശിക്കണമെങ്കിൽ ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും ഒരുക്കവും പങ്കാളിത്തവും ആവശ്യമാണ്. ജനങ്ങൾ വെറും കാണികളായി നിൽക്കുന്ന ആരാധന ഓർത്തഡോക്സ് പാരമ്പര്യമല്ല. 'കുർബാന കാണുക' എന്നല്ല 'കുർബാനയിൽ പങ്കെടുക്കുക' എന്നാണു നമ്മുടെ യഥാർത്ഥ പാരമ്പര്യം. ഓർത്തഡോക്സ് സഭകൾ വിശുദ്ധ കുർബാനയുടെ പ്രാധാന്യത്തെക്കുറിച്ച് എന്തെല്ലാം പറഞ്ഞാലും, ഗ്രീക്ക് ഓർത്തഡോക്സ് സഭയിലും മറ്റും കുർബാന ജനങ്ങൾക്ക് കാര്യമായ പങ്കാളിത്തമില്ലാത്ത വെറുമൊരു വൈദികാചാരമായി ചിലപ്പോൾ അനുഭവപ്പെടാറുണ്ട്.

അന്യവൽകൃതമായ പ്രതീകങ്ങൾ

പ്രതീകങ്ങൾ അനുഷ്ഠാന പ്രധാനവും അർത്ഥശൂന്യവുമായിത്തീരാനുള്ള

സാധ്യത എപ്പോഴുമുണ്ട്. ആരാധനയിൽ അങ്ങനെ സംഭവിക്കാനിടയായാൽ, അതിന്റെ പ്രധാന കാരണം, പ്രതീകങ്ങൾ ജീവനുള്ള ആരാധക സമൂഹത്തിൽനിന്ന് അന്യവൽക്കരിക്കപ്പെടുന്നതാണ്. ഞാൻ ഊഷ്മളമായ സ്നേഹത്തോടെ നിങ്ങളുടെ കയ്യിൽ നേരിട്ടു നൽകുന്ന ഒരു സമ്മാനത്തിനു പ്രതീകശക്തിയുണ്ട്. കാരണം എന്റെ ഹൃദയത്തിന്റെ ഭാഗമാണത്. അതുകൊണ്ട് നിങ്ങളുടെ ഹൃദയത്തിന്റെയും ഭാഗമായി അതു മാറുന്നു. ഇവിടെ പ്രതീകവസ്തു എന്നിൽനിന്നും നിങ്ങളിൽ നിന്നും അന്യമല്ല. എന്നാൽ അതേ സമ്മാനം തന്നെ, വെറുമൊരു ഉപചാരം നിർവഹിക്കുവാൻവേണ്ടി, സ്നേഹശൂന്യമായി, ഞാനൊരു വഴിപോക്കന്റെ കൈയിൽ കൊടുത്തു നിങ്ങളുടെ വീട്ടുപടിക്കൽ വച്ചേക്കാൻ പറഞ്ഞാൽ, അതിന്റെ പ്രതീക ശക്തി വാർന്നുപോകുന്നു. കാരണം പ്രതീകം ജീവനുള്ള മനുഷ്യവ്യക്തിയിൽ നിന്ന് അന്യവൽകൃതമായിരിക്കുന്നു.

'വഴിപാടു നിവർത്തിക്കുക' എന്ന്, നാം താൽപര്യമില്ലാതെ ചെയ്യുന്ന ചില കർമ്മങ്ങളെ വിശേഷിപ്പിക്കാറുണ്ടല്ലൊ. അന്യവൽകൃതമായ പ്രതീകങ്ങൾ ഉപയോഗിച്ചു നടത്തുന്ന എല്ലാ ആരാധനകളും വഴിപാടു നിവർത്തിക്കലാണ്. നമ്മുടെ കുർബാനയ്ക്ക് സംഭവിക്കാവുന്നതും കുറെയൊക്കെ സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ അപകടം ഇതാണ്.

ശരീരമെന്ന പ്രതീകം

നമ്മുടെ ശരീരത്തിന്റെ വിവിധ ചലനങ്ങളുടെയും നിലകളുടെയും പ്രതീകാത്മകമായ അർത്ഥം തുടക്കത്തിൽ സൂചിപ്പിച്ചല്ലൊ. ആത്യന്തികമായി നമ്മുടെ ശരീരം തന്നെയാണ് ആരാധനയിൽ മുഖ്യപ്രതീകമായി വർത്തിക്കുന്നത്. 'നിങ്ങൾ വിവേകപൂർവകമായ ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ' (റോമ. 12:1). ദൈവത്തിന്റെ സാദൃശ്യവും തേജസ്സും വഹിക്കുന്ന നമ്മുടെ ശരീരങ്ങൾ സൃഷ്ടിയിൽ ദൈവസാന്നിധ്യത്തിന്റെ പ്രതീകമാണ്. ദൈവസ്വഭാവത്തിന്റെയും സൃഷ്ടിതമായ യാഥാർത്ഥ്യത്തിന്റെയും 'അതിരിൽ' രണ്ടിന്റെയും സംയുക്ത പ്രതീകമായി നിലകൊള്ളുന്ന മനുഷ്യനെയാണ് ദൈവാരാധനയിൽ സൃഷ്ടിക്കു മുഴുവൻ നേതൃത്വം കൊടുക്കാനും സൃഷ്ടിയുടെ പുരോഹിതനായി നിലകൊള്ളാനും ദൈവം വിളിച്ചിരിക്കുന്നത്. നിസ്സായിലെ വിശുദ്ധ ഗ്രിഗോറിയോസിനെപ്പോലുള്ളവർ മനുഷ്യന്റെ ഈ സവിശേഷമായ ദൗത്യത്തെക്കുറിച്ചു മനോഹരമായി പ്രതിപാദിക്കുന്നുണ്ട്.

അപ്പവീഞ്ഞുകൾക്കും വിശുദ്ധ കൂദാശകളിലുപയോഗിക്കുന്ന വസ്തുക്കൾക്കും കൗദാശിക പ്രതീകത്വം കൈവരുന്നത് അവ മനുഷ്യശരീരത്തിന്റെയും മനുഷ്യവ്യക്തിത്വത്തിന്റെയും ഭാഗമായി സമർപ്പിക്കപ്പെടുമ്പോഴാണ്. എല്ലാറ്റിനും ആധാരമായി മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിന്റെ ശരീരം നിലകൊള്ളുന്നു.

ജീവനിലേയ്ക്ക്

സാധാരണരീതിയിൽ നാം ലോകത്തിൽ കാണുന്ന പ്രതീകങ്ങൾ നശിച്ചുപോകുകയോ അവയുടെ അർത്ഥം നഷ്ടപ്പെടുകയോ ചെയ്യാം. എന്നാൽ മനുഷ്യശരീരമാകുന്ന പ്രതീകത്തിന്റെ അർത്ഥം മരണത്തിലൂടെ, ഉയിർപ്പിലൂടെ പുതിയ മാനങ്ങൾ കൈവരിക്കുന്നു. ഇവിടെ മനുഷ്യശരീരമെന്നു പറഞ്ഞാൽ അതിൽ ഈ വസ്തുമയമായ പ്രപഞ്ചവും അതിലുള്ള സകല ചരാചരങ്ങളും ഉൾക്കൊള്ളുന്നു. കാരണം ദൈവസാദൃശ്യം വഹിക്കുന്ന മനുഷ്യശരീരത്തിന് അത്രത്തോളം വിശാലമായ അർത്ഥവിവക്ഷയുണ്ട്. ആ ശരീരം ഒരു വ്യക്തിയുടെ ജഡരക്തങ്ങൾ മാത്രമല്ല, വിശുദ്ധ കുർബാനയിൽ, അപ്പവീഞ്ഞുകളിലൂടെ, അവയർപ്പിക്കുന്ന മനുഷ്യരെയും സകല സൃഷ്ടിയേയും നാം സമർപ്പിക്കുമ്പോൾ അവയെ മരണത്തിനതീതമായ ജീവനുവേണ്ടിയാണ് നാം അർപ്പിക്കുന്നത്. മനുഷ്യർ തമ്മിൽ കൈമാറുകയും മനുഷ്യബന്ധങ്ങൾ മുറിയുമ്പോൾ നഷ്ടീഭവിക്കയും ചെയ്യുന്ന പ്രതീകങ്ങൾ പോലെയല്ല, ഇത് വിശുദ്ധ കുർബാനയിലെ പ്രതീകാർപ്പണത്തിലൂടെ ജീവന്റെ പുതിയ അനുഭവത്തിലേക്കു സൃഷ്ടിയെ നാം ഉപനയിക്കുകയാണ്. ഇവിടെ പ്രതീകത്തെ താങ്ങിനിർത്തുകയും പരിപോഷിപ്പിക്കയും അതിന്റെ അർത്ഥത്തെ സജീവവും വികസ്വരവുമാക്കുകയും ചെയ്യുന്നത് ദൈവത്തിന്റെ ആർദ്രകരുണയും ഇച്ഛയുമാണ്. മനുഷ്യന്റെ ഇച്ഛയും താൽക്കാലിക വികാരങ്ങളും സൃഷ്ടിക്കുന്ന പ്രതീകങ്ങൾ പോലെയല്ല ഇത്.

പരിസ്ഥിതിയും മനുഷ്യശരീരവും

ഇന്നു പരിസ്ഥിതി പ്രതിസന്ധിയെക്കുറിച്ചു കൂടുതൽ കൂടുതൽ അവബോധം മനുഷ്യർക്ക് ഉണ്ടായിക്കൊണ്ടിരിക്കയാണ്. മനുഷ്യരുടെ തെറ്റായ പ്രവർത്തനങ്ങൾ മൂലമാണ് നമ്മുടെ ഭൂമിയും അതിന്റെ അന്തരീക്ഷവും ക്രമേണ നാശത്തിനു വിധേയമാകുന്നത് എന്ന വസ്തുത പൊതുവെ അംഗീകൃതമായിട്ടുണ്ട്. എന്നാൽ ശരീരത്തോടുള്ള നമ്മുടെ നിലപാടും പരിസ്ഥിതി പ്രതിസന്ധിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു കാര്യമായൊന്നും ആരും പറഞ്ഞു കേൾക്കുന്നില്ല.

മനുഷ്യശരീരത്തെ അമിതമായി ശ്രദ്ധിക്കുകയും സുഖഭോഗങ്ങൾക്കുള്ള ഒരു ഉപകരണമായി അതിനെ പരിഗണിക്കുകയും ചെയ്യുന്ന രീതി സമ്പന്നമായ പാശ്ചാത്യ രാജ്യങ്ങളിൽ കാണാം. ശരീരത്തിന്റെ അടിസ്ഥാനപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിലുപരി, അതിന്റെ മോഹങ്ങളുടെയും അഭിലാഷങ്ങളുടെയും പൂർത്തീകരണത്തിനായി ലോകം മുഴുവൻ വെട്ടിപ്പിടിക്കുകയും, മറ്റു മനുഷ്യരെ ചൂഷണം ചെയ്യുകയും, അനീതിയും അസമത്വവും വച്ചുപുലർത്തുകയും ചെയ്യുന്ന പ്രബലമായ പ്രവണതയാണ് ആധുനിക പാശ്ചാത്യ സംസ്ക്കാരം കാണിക്കുന്നത്. കൺസ്യൂമറിസം എന്നു വിളിക്കപ്പെടുന്ന ഉപഭോഗ സംസ്ക്കാരത്തിന്റെ പ്രധാന ലക്ഷ്യം തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്നതാണ്. അതിനായി എന്ത് അനീതിയും അന്താരാഷ്ട്രതലത്തിൽ പ്രവർത്തിക്കാൻ പാശ്ചാത്യർക്കു മടിയില്ല. നമ്മുടെ ശരീരത്തിന്റെ അവിഭാജ്യ ഘടകമാണ് മറ്റുള്ളവരുടെ ശരീരങ്ങളും ഈ പ്രപഞ്ചവും എന്ന ആശയം സ്വീകരിക്കാൻ ഇവർക്കു മടിയാണ്. ഞാനും എന്റെ ശരീരവും മാത്രം എന്ന ചിന്ത അത്രയ്ക്കു രൂഢമൂലമാണിവിടെ. അതുകൊണ്ടു നാം ഭൂമിയേയും മറ്റു മനുഷ്യരെയും സ്വാർത്ഥമോഹപ്രേരിതരായി ചൂഷണം ചെയ്യുമ്പോൾ നമ്മുടെ ശരീരത്തെത്തന്നെയാണു ചൂഷണം ചെയ്യുന്നത് എന്ന സത്യം മനസ്സിലാക്കാൻ പലർക്കും കഴിയാതെ പോകുന്നു. മനുഷ്യശരീരം ദിവ്യമായ ദൗത്യം നിറവേറ്റാനുള്ള മാധ്യമമാണ്. അത് ദൈവസാന്നിധ്യം സംവഹിക്കുന്ന കൂദാശയാണ്. അതിന്റെ രൂപാന്തരത്തിലൂടെ സൃഷ്ടി മുഴുവൻ ദൈവതേജസ്സിന്റെ അനുഭവം പ്രാപിക്കേണ്ടതാണ് എന്ന ക്രിസ്തീയ സന്ദേശമാണ് വിശുദ്ധ കുർബാനയിലൂടെ നമുക്ക് ലഭിക്കുന്നത്. മനുഷ്യശരീരത്തെ വിശുദ്ധമായി കരുതി, 'പരിശുദ്ധാത്മാവിന്റെ മന്ദിര'മായി കണ്ടെങ്കിൽ മാത്രമേ, ദൈവസൃഷ്ടിയെ മുഴുവൻ പരിശുദ്ധാത്മാവിന്റെ ദേവാലയമായി മനസ്സിലാക്കാൻ നമുക്ക് സാധിക്കയുള്ളൂ.

വിലയിടിഞ്ഞ മനുഷ്യജീവിതം

മുകളിൽ പറഞ്ഞ പാശ്ചാത്യ നിലപാടിന് ഒരു മറുവശമുണ്ട്. ഏഷ്യയിൽ പൊതുവെയും; പ്രത്യേകിച്ചു നമ്മുടെ ഇന്ത്യയിലും, മനുഷ്യശരീരത്തിനു വലിയ വിലയൊന്നും കൽപിച്ചു കാണുന്നില്ല. മറ്റു മനുഷ്യരുടെ വേദനയെക്കുറിച്ചു കാര്യമായ ശ്രദ്ധ നമുക്കില്ലെന്നു തോന്നുന്നു. ആത്മാഭിമാനമില്ലാതെ, അന്തസ്സ് ലഭിക്കാതെ വെറും കൃമികളെപ്പോലെ ഇഴഞ്ഞു നീങ്ങുന്ന മനുഷ്യജീവിതങ്ങളെക്കുറിച്ച് ആർക്കും പ്രത്യേകിച്ചു കരുതലോ ഭാരമോ ഇല്ല. ഒരു തരം ഉദാസീനതയുടെയും അലക്ഷ്യതയുടെയും ചാരം മൂടിക്കിടക്കുന്ന മനോഭാവം സർക്കാരിലും സമൂഹത്തിലും എമ്പാടും കാണാം. മ്ലേച്ഛമായ സ്വാർത്ഥത മുൻനിർത്തി ജീവിക്കുന്ന ഒരു ചെറിയ വിഭാഗം മാത്രം രക്ഷപെടുന്ന ഒരു സാഹചര്യമാണ് നമ്മുടെ രാജ്യത്തു നിലനിൽക്കുന്നത്. ശരീരത്തിന്റെ ആഗ്രഹങ്ങൾക്ക് നൂറായിരം മുളകൾ വിരിച്ച്, അതിനെയെല്ലാം രമിപ്പിച്ചു ജീവിക്കാൻ കോപ്പൊരുക്കുന്ന പടിഞ്ഞാറൻ നാണയത്തിന്റെ മറുവശമാണു നമ്മുടെ രാജ്യത്തു കാണുന്ന ഉദാസീനത. ഇവ രണ്ടും ഒരുപോലെ നികൃഷ്ടമാണ്.

മനുഷ്യശരീരത്തിനു മതിപ്പു നൽകാത്ത ഒരു സാംസ്ക്കാരിക പരിതോവസ്ഥയിൽ, വിശുദ്ധ കുർബാനയിൽ സമർപ്പിക്കപ്പെടുന്ന അപ്പ വീഞ്ഞുകളുടെ പ്രതീകശക്തി നഷ്ടപ്പെടാം. നൂറ്റാണ്ടുകളായി നാമിവിടെ വിശുദ്ധ കുർബാന അർപ്പിച്ചിട്ടും, അതിന്റെ സാമൂഹികവും സാമ്പത്തികവുമായ വിവക്ഷകളെക്കുറിച്ചു നമുക്ക് വലിയ താൽപര്യമില്ല. തിന്മയോടു പ്രതികരിക്കാത്ത ഒരു സമൂഹത്തിൽ കുർബാനയർപ്പണം വെറുമൊരു ആചാരമായി മാത്രം നിലനിൽക്കാൻ സാധ്യതയേറും.

(പുരോഹിതൻ മാസികയിൽ 1980-കളിൽ എഴുതിയ ലേഖനം)

Article

Icons in Orthodox worship space

Br. Rijo Geevarghese (STOTS)

St Germanus the Patriarch of Constantinople (8th Century) defines the Church as an "earthly heaven where heavenly God dwells and moves."

This earthly heaven constitutes believers coming together and worshiping as a communion. The church brings the "heaven on earth" and liturgy embraces these two worlds at once. As we say in Lord's prayer "Thy kingdom come", the Liturgy brings both world together. So when someone asks me, which is the most beautiful Icon inside Orthodox Church, I tell them it is the one which inside the royal door, the Divine Liturgy. Divine Liturgy is an Icon of the Great Liturgy in heaven.

As Holy liturgy embraces the heaven and earth at once so do the Icon becomes a window into the heavenly world, like a link between the whole creation and Heaven.

In early Christianity, particularly in the first three centuries, the scripture used for evangelisation was not only the written scripture but also the scripture that one can see, hear, touch, taste and even smell. Let me share an experience, a conversation with born blind man. Who attends the church every week which raised a question in my mind, how do he see the orthodox worship. He is a born blind, he has never seen the world with his eyes, never seen the worship. But when asked that what do he really feel while attending a liturgy in an Orthodox Church, he replied, "it's like Heaven".

The beauty of an Orthodox Church is, when you enter an Orthodox Church, you are not entering a building rather you are entering inside the scripture where you just have to stand and feel the scripture by hearing it, by touching it, by smelling it, by tasting it and by viewing it. As Psalms rightly says,

"Be still, and know that I am God " -*Psalms* 46:10

St. Thomas Malankara Orthodox Church, Chicago

As I shared above, like Holy Liturgy embracing Heaven and Earth at once so do Icons becomes a window to heaven. Holy Icons or Holy Images plays an integral part in Orthodoxy, which makes us view the Heaven.

Icons in Orthodox worship

He is the image [Greek : Ikon] of invisible God -Col 1:15

That …… we have heard and seen with our eyes, which we have looked upon and touched with our hands….. we proclaim also to you - 1John 1:1-3

Christianity is the revelation not only of the word of God but also the Image of God.

-Leonid Ouspensky

Icons are not simply religious picture designed for decoration purpose or to arouse some kind of emotions in us, like a window it reveals another world. The above verse and quote beautifully define the base of Iconography, its theology which is "Incarnation" when the Word became flesh, when the indescribable God became describable; so that we can touch Him, we can see Him. Thus Icon is a way where by God is revealed to us.

In brief, the word "Icon" has it root from Greek word eikon, which means "Image", "picture", "representation". This word "eikon" is used in the Old Testament.

*"Then God said, Let us make man in Our **image**, after Our likeness……So God created man in his own **image**, in the image God he created him"* - Genesis 1:26-27

In Orthodox Christianity, Icons denotes sacred images which are used for veneration and as visual gospel. It is also referred as "liturgical" art, because it's not just decoration but also visual aid for worship.

First Icon

We all know that the remains of St Thomas were shifted from India to Edessa in 3rd Century because St Thomas is also considered to be the

Apostle to Edessa. Eusebius of Caesarea in his *Historia Ecclesiastica* mentions about how St Thomas the apostle sent Thaddeus, who was one among the seventy to evangelize Edessa. There is very dramatic connection between this story and Iconography. Eusebius also mentions about the First Icon which famously known as" Image not by Hand".

According to this story, Abgar V the king of Edessa had fallen ill and begged Christ to come and cure him. Instead of going to visit Adgar, Christ sent him a Cloth or a napkin that He had pressed against His face, having impression of His features. Upon receiving this napkin Abgar was miraculously healed. Along with the napkin Christ also promised to send one of his Disciple to Edessa. After Ascension of our Lord , St Thomas under divine impulse sent Thaddeus to Edessa.

This Icon "Not made by Hand" is considered to be the First Icon which Christ Himself willingly produced. It is believed that the Evangelist Luke was also an Iconographer as well as a physician. He painted an icon presenting the Virgin Mary holding the Child Jesus, which was later continued as a reference for making Icons of Holy Theotokos. St Luke for this reason is considered as the patron saint of Iconographers.

Great Clouds of witnesses

Lot of people when they come to church they see the church surrounded by so many saints pictured on wall and inside the altar. Especially for Non-Orthodox, It's a kind of troubling for them, raising questions like, why can't we just go directly to Jesus? Why do we need saints around us? Why do we need saints praying for us? The answer is, of course we go directly to the Lord. It's not like we have to ask them to pray rather it's like we get to, since we have this whole community.

As it says in Scripture,

"We are surrounded by such a great cloud of witnesses"
Hebrew 12: 1

Everyone who lived and died in Christ throughout all of History is present with him, standing and worshiping around the throne. Just like it says in the book of Revelation chapter 7.

When we stand in presence of Icons of Saints, it gives us a visual experience of being in **Community of worship.** So we can ask these saints to pray for us the same way we ask our friends and families to pray for us. We don't pray to them we pray with them. We don't worship the depicted figures in Icons rather we venerate them, respect them in worship which make us feel that we are worshiping with them. Like in our homes, we keep the pictures of our loved around us because we want to be surrounded by our family members, even if they not alive. Similarly, we keep the Icons of saints, martyrs etc, in our church because we want to be surrounded by our Christian family.

To conclude, I would like to share a visualization exercise I use for making people understand the beauty of Icons, Imagine yourself sitting in an Orthodox Church alone. Although you are alone still you pray the Lord's Prayer in plural way, "Our Father who art in Heaven…." and not 'my Father who art in heaven'. Because it's not about an Individual but it's about the whole community which is surrounding you, praying, worshiping together. A 'cloud of witnesses', saints, family, departed souls strengthening and encouraging each other during his or her spiritual journey. That's the beauty of Orthodox Worship.

Icon of Abgar holding the Mandylion, the image of Christ . This Icon is kept at St. Catherine, Mt Sinai

May God Almighty help us to see and learn the beauty of Orthodoxy through Holy Icons; they are the silent and eloquent preachers of Orthodox faith.

Bibliography.

Cormack, Robin. *Icons*. Massachusetts: Harvard University Press, 2007.

Leonod, Ouspensky. *Theology of Icon Volume 1*. New York: St. Vladimir's Seminary Press, 1978.

Ware, Timothy. *The Orthodox Church: An Introduction to Eastern Christianity*. London: Penguin UK, 1993.

സ്മരണാനുഭവത്തിന്റെ പൈതൃകം

(വാങ്ങിപ്പോയവരുടെ ഓർമ്മ കഴിക്കുന്ന ഞായറാഴ്ച്ച)

(വി. ലൂക്കോസ് 12:32-49)

ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ

സുധീഷ്നാ ബാനർജിയുടെ "Remembering Heritage" ൽ നിന്നാണ് *ധ്രുവ്പാദ്* എന്ന പുരാതന ശാസ്ത്രീയ സംഗീതത്തിന്റെ അടിസ്ഥാനശിലകളിൽ ഒന്ന് ആദ്യമായി പരിചയപ്പെടുന്നത്. നാട്യശാസ്ത്രത്തിലൊക്കെ (200 ബി.സി.) വിവരിക്കുന്നതാണത്. ഈ രംഗത്തെ ഇക്കാലത്തെ പ്രതിഭ ഉസ്താത് വാസിഫുദ്ദീൻ തന്റെ മുത്തച്ഛൻ അലഹാബാന്തെ ഖാൻ ഒരിക്കൽ ഇപ്രകാരം ചോദിച്ചു, "ശുദ്ധസ്വരം എന്നാലെന്താണ്" സപ്തസ്വരങ്ങളിൽ ഒന്നായ,ഒരു ശ്രുതിയെ പ്രതിനിധാനം ചെയ്യുന്ന ശുദ്ധസ്വരത്തെ കുറിച്ച് അദ്ദേഹം പറഞ്ഞുകൊടുത്തത് ഇങ്ങിനെയാണ്, "ശുദ്ധസ്വരം എന്നത്, തലമുറകളുടെ സമന്വയത്തെ ആശ്രയിച്ചിരിക്കുന്നു. ഒരു ശബ്ദ കണികയിലൊളിച്ചിരിക്കുന്ന തലമുറകളുടെ മൗനത്തിന്റെ സമന്വയമാണത്." സത്യത്തിൽ കണ്ണുകളെ നനയിക്കുന്ന ഒന്നായിരിക്കണം ഈ നിർവ്വചനം. നാം ഉച്ചരിക്കുന്ന വാക്കുകളും സ്വരങ്ങളും എത്ര തലമുറകളിലൂടെ നമുക്ക് ലഭിച്ചതാണ്. ഓരോ സ്വരകണങ്ങളിലും മൗനമായി അലിഞ്ഞ് ചേർന്നിരിക്കുന്ന മൗനമറിയുമ്പോൾ, നിശ്ചയമായും നാം സംസാരിക്കുവാനായി, അനുകരിച്ച അനേകരെയും ഓർക്കാതെ വയ്യ! ഈ ഉജ്വലമായ ചിന്തയാണ് പിതാക്കന്മാരെ ധ്യാനിക്കുവാൻ കൗദാശികാനുഭവം.

1. കൃതജ്ഞതയുടെ സ്മരണാനുഭവം

ഓർമ്മയനുഭവങ്ങളിൽ കൃതജ്ഞതയായി നമ്മിൽ ഉണ്ടാകുന്ന പുണ്യമാണ് കടപ്പാട്. വി. പൗലോസ് അപ്പോസ്തോലൻ ഒനേസിമോസിന് വേണ്ടി പ്രാർത്ഥിക്കുന്നത് "ആ വിധിനാളിൽ നമ്മുടെ കർത്താവിന്റെ കരുണ അവന് ലഭിപ്പാൻ കർത്താവ് താൻ സംഗതിയാക്കട്ടെ" (2 തീമോ. 1 :18) എന്നായിരുന്നല്ലോ. നന്നായി ശുശ്രൂഷ വേല ചെയ്ത് ഒരു ശിഷ്യനെ പൗലോസ് അപ്പോസ്തോലൻ ഓർത്ത് പ്രാർത്ഥിക്കുകയാണിവിടെ. ഒരു പക്ഷെ ആ ഒനേസിമോസ് സമ്പാദിച്ച പഴകിപോകാത്ത സമ്പത്ത് ഇതായിരിക്കണം. നാം വി. ലൂക്കോസ് 12:32-49 ഭാഗങ്ങൾ വായിക്കുമ്പോൾ, ഒരുക്കമുള്ളതും (അരകെട്ടി) പ്രശോഭിതവുമായ ഒരു ജീവിതാനുഭവമാണ് നമ്മെ സ്മരണാർഹരാക്കി തീർക്കുന്നത്.

ഓർമ്മയനുഷ്ഠാനത്തിന്റെ ഈ പിതൃകർമ്മ വേളയിൽ ശ്ലൈമ്മൂൻ നമ്മെ ഓർമ്മിപ്പിക്കുന്നത് *മനുഷ്യൻ തന്റെ ശാശ്വതഭവനങ്ങളിലേക്ക് പ്രവേശിക്കുമെന്നാണ്* (സഭാ. പ്ര. 12.5). *മരണം നിനക്കുള്ള ഓഹരിയാണ്. മുമ്പന്മാരും പിമ്പന്മാരും നിന്നോട് കൂടെയുണ്ട് എന്നോർത്ത് ധൈര്യപ്പെട്ടുകൊള്ളുകയെന്ന്* (ബാറാസീറാ 41.3) കുറിച്ചുകൊണ്ട് ഈ ശാശ്വതഭവനത്തെ ഓർമ്മിപ്പിക്കുന്നു. ആരാധന പാരമ്പര്യങ്ങളിൽ *ധർമ്മിഷ്ഠന്മാർ തൻ ഗാത്രം നിദ്രാവിശ്രമമേൽക്കുന്നു*വെന്ന് വിശേഷിപ്പിക്കപ്പെടുന്നത് നാം പാടുന്നുണ്ടല്ലോ. ഇതെല്ലാം പിതാക്കന്മാരോട് ചേരുന്ന അനുഭവമായി മരണം വീക്ഷിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നുണ്ട് (അപ്പോ. പ്രവൃ. 13.36).

ചെങ്കായ് എന്ന സെൻ ഗുരുവിനെ കുറിച്ച് നാം കേട്ടിട്ടുണ്ടായിരിക്കാം. അദ്ദേഹത്തിന്റെ നിര്യാണസമയത്ത് ശിഷ്യനും സമ്പന്നനുമായ ഒരാൾ ഒരു അന്ത്യവാചകം പറഞ്ഞ് കൊടുക്കണം എന്ന് ആവശ്യപ്പെട്ടു. അദ്ദേഹം ഇപ്രകാരം എഴുതി; "അച്ഛൻ മരിച്ചുപോകും, പുത്രൻ മരിച്ചുപോകും. അനന്തരം പേരക്കുട്ടികളും മരിച്ചുപോകും." ഇത് അദ്ദേഹത്തിന് വളരെ മനക്ലേശം ഉണ്ടാക്കി. ഗുരു അയാളോട് പറഞ്ഞു, "ഞാൻ പറഞ്ഞത് മംഗളകരമായ ഒന്നാണത്. മരണം സ്വാഭാവികമായി സംഭവിക്കുക ഒരു ശുഭകാര്യം തന്നെയാണ്. അതിനാലാണ് ഞാൻ നിന്നോട് അപ്രകാരം പറഞ്ഞത്." സത്യത്തിൽ മരണം എന്ന സ്വഭാവികതലത്തെ തന്നെ ഏറെ ഭയത്തോടെ വീക്ഷിക്കുന്നവരാണ് അനേകരും. യജമാനനെ സ്മരിക്കുന്നവർ അവനായി കാത്തിരിക്കുന്നതും അവർ അവനെ (അധികത്തിന്) അവകാശികളാക്കി തീർക്കുന്നതും സത്യത്തിൽ ഒരാളെ അനന്തരതലമുറകൾക്ക് ഓർക്കുവാൻ തക്കവിധം മഹിമയിലേക്ക് നയിക്കുന്ന പുണ്യമാണ്.

2. നിലപാടുകളുടെ സ്മരാണനുഭവം

മനുഷ്യൻ തന്റെ പുരാതന മുൻഗാമികളുടെ ചിന്തകളും വികാരങ്ങളും ജീനുകളിലൂടെ സംവഹിക്കുന്നുവെന്ന് നരവംശ ശാസ്ത്രജ്ഞനായ *കാൾ സാഗൻ* തന്റെ റിപ്പോട്ട് ടൂ ഗ്രേക്കോയിൽ അടയാളപ്പെടുത്തി. ഒരു കുമിള ജീവിതമല്ല നമ്മുടേത് എന്ന് കൃത്യമായി ഈ ദിനം ഓർമ്മിപ്പിക്കുന്നു. ശാരീരികമായ വേർപാടിലും വേർപെടുത്തുവാൻ പാടില്ലാത്ത എന്ത് മാത്രം കാര്യങ്ങളാണ് ഉള്ളത്. *ഒരു വാതിലടയുന്നതും, തിരി കെടുന്നതുമൊക്കെ* വേർപാടുകളുടെ ചലച്ചിത്ര രൂപകങ്ങളാണ്. മരണമെന്ന വാതിലിനപ്പുറം നിത്യജീവനുണ്ട് എന്നതും, ജീവിതത്തിന്റെ തിരി കെടുംനേരം ഒരാളുടെ ജീവിതം പ്രകാശിക്കുന്നതും സൂചിപ്പിക്കുന്ന സംഭവങ്ങളനേകമുണ്ട്. നയീനിലെ വിധവയുടെ മകനിലും (ലൂക്കോസ് 7.14) ലാസറിലും (യോഹ. 11.4) കള്ളനോടുള്ള വാഗ്ദത്തത്തിലും (ലൂക്കോസ് 23.43) നാമിത് വായിക്കുന്നു.

ചില നിലപാടുകൾ നമ്മുടെ ജീവിതത്തെ സ്വാധീനിക്കുന്നു. ചില ഘട്ടങ്ങളിലെ നിലപാടുകൾ മരണപര്യന്തം നമ്മെ വേട്ടയാടുന്നതാവുമോ? മറ്റു ചിലത് നാമറിയാത്ത ഒരുപാട് പേരിൽ നമ്മെ ഒരു മധുരസ്മരണയായി മാറ്റുമോ? വിശുദ്ധ ജീവിതം നയിച്ചവർക്ക് അത്തരം ഒരു പ്രത്യേകതയുണ്ട്. അവരറിയാത്ത അനേകരിലേക്ക് അവരുടെ ജീവിതപ്രവർത്തനങ്ങൾ പുണ്യം പകർന്നു. മടിശീലകളിൽ അവർ പഴകിപോകാത്ത പ്രാർത്ഥനാപുണ്യം നിറച്ചു. അതത്രയും മറ്റുള്ളവർക്ക് വേണ്ടിയായിരുന്നു. നിനച്ചിരിക്കാത്ത നേരത്തെത്തുന്ന യജമാനനായി അവർ ജാഗ്രതയോടിരുന്നു. ദൈവസ്നേഹം ഇങ്ങിനെ നമ്മെ നയിക്കുന്ന ഒന്നാണ്. യേശു തന്നെയാണ് നല്ല മാതൃക. ഗത്സമേനയുടെ തീവ്രവേളകളിൽ അവിടുന്ന് പിതാവിന്റെ നിലപാടുകളെ സ്വീകരിച്ചു. എന്റെ ഓർമ്മയ്ക്കായി ഇപ്രകാരം ചെയ്യുവീൻ എന്ന് അരുളിചെയ്തപ്പോൾ അവിടുന്ന് ഓർമ്മയെ കൂദാശയാക്കി. നിലപാടുകളെ ഓർമ്മയുടെ കൂദാശാനുഭവങ്ങളാക്കുവാൻ നമുക്ക് ആകുന്നുണ്ടോ. പക്ഷെ അത് ആവശ്യമാണ്. എന്തെന്നാൽ കവി പാടുന്നു, *പൂക്കളുടെ ജീവിതം ഒരു മണിക്കൂർ നേരമാകാം, എങ്കിലും ആയിരം വർഷം ജീവിക്കുന്ന പൈൻമരങ്ങളേക്കാൾ അത് അനഘമത്രേ!*

❑

സഭാകേസുകൾ

കോട്ടപ്പടി നാഗഞ്ചേരി പള്ളി മലങ്കര ഓർത്തഡോക്സ് സഭയ്ക്ക്

കോതമഗലം: കോട്ടപ്പടി പള്ളി സംബന്ധിച്ച് യാക്കോബായ വിഭാഗത്തിന്റെ റിട്ട് പെറ്റീഷൻ കേരളാ ഹൈക്കോടതി തള്ളി ഉത്തരവായി.

വടവുകോട് പള്ളി കേസ്

കൊച്ചി: വടവുകോട് പള്ളിക്ക് വിഘടിത വിഭാഗം കൊടുത്ത SLP അവർക്ക് തന്നെ ദോഷമാകും എന്ന് കണ്ട് പിൻവലിച്ചു. വടവുകോട് പള്ളികേസ്സിൽ ഓർത്തഡോക്സ് സഭ ഹാജരാക്കിയ ഭരണഘടന വ്യാജമാണെന്നും ഒറിജിനൽ ഹാജരാക്കണം പറഞ്ഞ് പാത്രിയർക്കീസ് വിഭാഗം കൊടുത്ത കേസ്സ് ജില്ലാ കോടതി തള്ളിക്കളഞ്ഞതിൻമേൽ കൊടുത്ത അപ്പീലും രണ്ട് റിവിഷൻ ഹർജികളും ഹൈക്കോടതി തള്ളിയിരുന്നു. അതിന്മേൽ സുപ്രീംകോടതിയിൽ കൊടുത്തിരുന്ന അപ്പീൽ വാദം കേൾക്കും എന്ന് വന്നപ്പോൾ യാക്കോബായ വിഭാഗം അപ്പീൽ പിൻവലിച്ചു.

കോതമംഗലം പള്ളി കേസ്

കൊച്ചി: കോതമംഗലം പള്ളിക്കേസിന്റെ കോടതി നടപടികളുടെ വീഡിയോ റെക്കോർഡ് ചെയ്യണം എന്ന യാക്കോബായ വിഭാഗം ഹർജി കേരള ഹൈക്കോടതി ഡിസമിസ് ചെയ്തു

പെരുവ പള്ളി ഓർത്തഡോക്സ് സഭയ്ക്ക്

കൊച്ചി: കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ സെന്റ് തോമസ് ബഥേൽ കാരിക്കോട് പെരുവ പള്ളി കേസിൽ എറാണാകുളം ജില്ല കോടതി (പള്ളി കോടതി) മലങ്കര ഓർത്തഡോക്സ് സഭക്ക് അനുകൂലമായി വിധിച്ചു

ബ്രഹമവർ ഭദ്രാസന മെത്രാപ്പോലീത്ത അഭി. യാക്കോബ് മാർ ഏലിയാസ് മെത്രാപ്പോലീത്തയ്ക്ക് ജന്മദിന ആശംസകൾ

ഫെബ്രുവരി 24



ക്രിസ്തുദർശനവും ജനപ്രിയ ആത്മീയതയും

ഫാ. ഡോ. ഒ. തോമസ്

ക്രൈസ്തവ ദർശനത്തിന്റെ അടിസ്ഥാനമായ ക്രിസ്തുവിന്റെ കാഴ്ചപ്പാടിൽ സഭയെയും സമൂഹത്തെയും വിശകലനം ചെയ്യുന്ന ലേഖനങ്ങളുടെ സമാഹാരം. വില: 180 രൂപാ

ബൈബിൾ ക്വിസ്

(ഉൽപ്പത്തി 22-24)

ഫാ. റെജു എബ്രഹാം, മൗണ്ട് അബു

1. അബ്രഹാം യിസ്ഹാക്കിനെ ബലി കഴിക്കാൻ കൊണ്ടുപോയസ്ഥലം?
2. മോറിയ മലക്ക് അബ്രഹാം നൽകിയ പേര്?
3. അബ്രഹാമിന്റെ സഹോദരനായ നാഹോറിന്റെ ഭാര്യയുടെ പേര്?
4. നാഹോറിന്റെ ആര്യജാതൻ ആര്?
5. ബെഥൂവേലിന്റെ മകൾ ആര്?
6. സാറാ എത്രനാൾ ജീവിച്ചിരുന്നു?
7. ഹെബ്രോൻ എന്ന സ്ഥലത്തിന്റെ മറ്റൊരു പേര്?
8. അബ്രഹാം സാറായെ അടക്കിയ ഗുഹയുടെ പേര്?
9. റിബെക്കായുടെ സഹോദരന്റെ പേര്?
10. യിസ്ഹാക്കിന്റെ ഭാര്യയുടെ പേര്?

ഉത്തരങ്ങൾ

1. മോറിയ
2. യഹോവ- യിരേ
3. മിൽക്ക
4. ഊസ്
5. റിബെക്കാ
6. 127 വർഷം
7. കിർയ്യത്തർബ്ബ
8. മക്പേല
9. ലാബാൻ
10. റിബെക്കാ

പാലക്കാട് ബൈബിൾ കൺവെൻഷന് സമാപനം

പാലക്കാട്: യാക്കര സെന്റ്. മേരീസ് ഓർത്തഡോക്സ് പള്ളിയിൽ സുവർണ ജൂബിലിയുടെ ഭാഗമായി സെന്റ്. തോമസ് സുവിശേഷസംഘത്തിന്റെ ആഭി മുഖ്യത്തിൽ 7 ദിവസങ്ങളായി നടത്തിയ 21-ാമത് ബൈബിൾ കൺവെൻഷൻ സമാപിച്ചു. ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത, മത്തായി ഇടയനാൽ കോർഎപ്പിസ്കോപ്പ, ചെറിയാൻ ചക്കാലക്കൽ കോർഎപ്പിസ്കോപ്പ, ഫാ. റ്റി. സി. ജേക്കബ്, ഫാ. കെ. പി. മർക്കോസ് കളപ്പുരയ്ക്കൽ, ഫാ. വർഗ്ഗീസ് എം. ഐസക്ക്, ഫാ. വർഗ്ഗീസ് മാത്യൂ, ഡോ. അലക്സാണ്ടർ ജേക്കബ് IPS എന്നിവർ വചനശ്രൂഷ നൽകി. സമാപന സന്ദേശം മലബാർ ഭദ്രാസന സഹായ മെത്രാപ്പോലീത്ത മാത്യൂസ് മാർ തേവോദോസ്സിയോസ് നൽകി. ഇടവക വികാരി ഫാ. ശാമുവേൽ വർഗ്ഗീസ് പ്രസംഗിച്ചു. സുവിശേഷ സംഘം സെക്രട്ടറി കെ. എം. ദാസ് നന്ദി അറിയിച്ചു.

ഭവന നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു

മാവേലിക്കര: മഹാപ്രളയത്തിൽ ഭവനം നഷ്ടമായ ഒരു വ്യക്തിക്ക് യുവജന പ്രസ്ഥാനം യു.എ.ഇ. മേഖലയുടെ ആഭിമുഖ്യത്തിൽ ഭവനം നിർമ്മിച്ച് നൽകുവാൻ തീരുമാനിച്ചതനുസരിച്ചുള്ള ഭവന നിർമാണത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു.

യുവജന പ്രസ്ഥാനം യു.എ.ഇ. സോണലിന്റെ പ്രസിഡന്റും ജബൽ അലി ഇടവക വികാരിയുമായ ഫാ. ജേക്കബ്ബ് ജോർജിന്റെ നേതൃത്വത്തിൽ 17-ന് മാവേലിക്കര ഭദ്രാസനത്തിൽപ്പെട്ട സെന്റ്. ജോർജ് ഓർത്തഡോക്സ് സിറിയൻ ദേവാലയത്തിലെ വി. കുർബാനയ്ക്ക് ശേഷം ആ ഇടവകയിലെ തന്നെ അംഗമായ വ്യക്തിക്കായി നിർമ്മിക്കുന്ന പ്രസ്തുത ഭവനത്തിന്റെ കല്ലിടീൽ കർമ്മം നടത്തി.

മെത്രാഭിഷേക ദശാബ്ദി ആഘോഷിക്കുന്ന അഭി.പിതാക്കന്മാർക് പുതുപ്പള്ളി പള്ളിയിൽ സ്വീകരണം കൊടുത്തപ്പോൾ.

ആർദ്രയുടെ കാരുണ്യം മേരിക്ക് തല ചായിക്കാനൊരിടമായി

മാന്നാർ: പരുമല സെമിനാരിക്ക് സമീപം 30 വർഷമായി മെഴുകുതിരി വിൽപ്പന നടത്തിവരുന്ന മേരിക്ക് സ്വന്തമായി വീടെന്ന സ്വപ്നം യാഥാർത്ഥ്യമായി. ഓർത്തഡോക്സ് സഭയുടെ സേവനവിഭാഗമായ 'ആർദ്ര' യാണ് വീട് നിർമ്മിച്ച് നൽകിയത്. ആർദ്ര വർക്കിംഗ് പ്രസിഡൻറ് ഫാ. കെ.വൈ വിൽസൺ, ജനറൽ സെക്രട്ടറി ഐസക് പാമ്പാടി, ട്രഷറർ തോമസ് കുതിരവട്ടം, ബാബു കല്ലംപറമ്പിൽ എന്നിവർ നേതൃത്വം നൽകി. പരുമല സെമിനാരി മാനേജർ ഫാ.എം.സി കുര്യാക്കോസ്, ഫാ. വർഗീസ് മാത്യൂ എന്നിവർ പ്രസംഗിച്ചു.

ജി.എം.ഐ റിട്ടയർമെന്റ് ഹോം

ഇലക്കൊടിഞ്ഞി, (പാമ്പാടി): ഗീവർഗ്ഗീസ് മാർ ഈവാനിയോസിന്റെ നാമധേയത്തിലുള്ള Geevarghese Mar Ivanios (GMI) Memorial Retirement Home ന്റെ ശിലാസ്ഥാപന കർമ്മം ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

പാമ്പാടി മാർ കുറിയാക്കോസ് ദയറായുടെ കീഴിലുള്ള എം.ജി.എം അഭയ ഭവൻ ട്രസ്റ്റിന്റെ കീഴിലുള്ള ഈ സ്ഥാപനം മാനസിക ബുദ്ധിമുട്ടനുഭവിക്കുന്ന (Differently Abled) കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ഒരേ പോലെ താമസിച്ചു പരിചരണം നേടുവാൻ സഹായിക്കുന്നതാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യം.

News, Advertisements,Wishes Etc...
Contact 8078914931
9446407503
Email:malankaranewsbulletin@gmail.com
Add Size:15 cm x 10 cm Half Page Jpeg / tif file